ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

2010
മെയ്
117

# ലിറ്റിൽ മാസിക



2010
മെയ്
ലക്കം 117

ലിറ്റിൽ മാസിക
ചുങ്കത്തറ പി.ഒ., മലപ്പുറം – 679934
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

1992ൽ ദൃഷ്ടി എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു. 1993 മുതൽ ലിറ്റിൽ മാസിക എന്ന പേരിൽ രജിസ്റ്റർ ചെയ്ത മാസികയായി പ്രസിദ്ധീകരിച്ചു വരുന്നു. ചെറിയ മനുഷ്യർ, കൊച്ചുപ്രസ്ഥാനങ്ങൾ, ചെറുതെങ്കിലും ആത്മാർത്ഥമായ ജനകീയ ഇടപെടലുകൾ പൂവ്, കാട്, പുഴ, ചെറുജീവികൾ, ദൃഷ്ടിഗോചരമല്ലാത്ത പ്രാണികൾ അങ്ങനെ ചെറുതും സുന്ദരവും സ്ഥായിയായി നിലനിൽക്കുന്നതുമായ ജീവിതത്തിന്റെ വിവിധ ഭാവങ്ങൾ...! ഇവയെക്കുറിച്ചെല്ലാമാണ് ഈ പത്രം വിചാരപ്പെടുന്നത്.

**കഥാധ്യാനം**

# ഉപയോഗശൂന്യമായ ജീവിതം

ഒരിടത്ത് അധ്വാനിയായ ഒരു കർഷകനുണ്ടായിരുന്നു. വൃദ്ധനായശേഷം പഴയതുപോലെ ജോലി ചെയ്യാൻ കഴിയാത്തതുകൊണ്ട് അയാൾ രാവിലെമുതൽ വീടിനു മുന്നിൽ ഒന്നും ചെയ്യാതെ കുത്തിയിരുന്നു. അയാളുടെ മകൻ കൃഷിയിടത്തിൽ ജോലി ചെയ്തുവെങ്കിലും ഇനി അച്ഛനെക്കൊണ്ട് ഒരു ഉപയോഗവുമില്ലല്ലോയെന്നും ഇനി ഒന്നും ചെയ്യാൻ കഴിവില്ലല്ലോയെന്നുമോർത്തുകൊണ്ടിരുന്നു. അച്ഛനെ ദിവസവും ഇങ്ങനെ കണ്ടുകണ്ട് അയാൾക്ക് അതിയായ ദേഷ്യം വന്നു.

ഒരു ദിവസം, അയാൾ മരം കൊണ്ടൊരു ശവപ്പെട്ടിയുണ്ടാക്കി. അച്ഛനോട് അതിൽ കയറിക്കിടക്കാൻ പറഞ്ഞു. മറുത്തൊന്നും പറയാതെ അയാൾ അതിൽ കയറിക്കിടന്നു. മകൻ ശവപ്പെട്ടി കൃഷിയിടത്തിനരികിലുള്ള കൊക്കക്കരികിലേക്ക് വലിച്ചുകൊണ്ടുപോയി. അവിടെ നിൽക്കുമ്പോൾ പെട്ടിക്കുള്ളിൽനിന്നൊരു ശബ്ദം കേട്ട് അയാൾ അതിന്റെ മൂടി തുറന്നു. ശാന്തനായിക്കിടക്കുന്ന അച്ഛനെ നോക്കി.

“എന്നെ ഈ ആഴത്തിലേക്ക് വലിച്ചെറിയും മുമ്പ് ഒരു കാര്യം ചെയ്യണം. അച്ഛൻ പറഞ്ഞു.

“എന്താണ്? മകൻ ചോദിച്ചു. “കഴിയുമെങ്കിൽ എന്നെ മാത്രം വലിച്ചെറിയുക” അച്ഛൻ പറഞ്ഞു: “മരം കൊണ്ടുള്ള ഈ പെട്ടി സൂക്ഷിച്ചുവെക്കുക, നാളെ നിന്റെ മക്കൾക്ക് ഇതുകൊണ്ടുള്ള ആവശ്യം വന്നേക്കാം..”

# ലിറ്റിൽ മാസിക സൗഹൃദ സംഗമം

ലിറ്റിൽ മാസിക 18-ാം വാർഷികത്തോടനുബന്ധിച്ച് പുസ്തക പ്രകാശനവും സംവാദവും പ്രദർശനവും മഞ്ചേരി പബ്ലിക് ലൈബ്രറിയിൽ നടന്നു.

2010 ഏപ്രിൽ 24ന് ലിറ്റിൽ മാസിക വാർഷികത്തോടനുബന്ധിച്ച് പുറത്തിറക്കിയ പ്രതീഷ് എം.പിയുടെ കവിതകൾ ‘ആവിയന്ത്രം’ പ്രകാശനം ചെയ്തു. ചെറുതിന്റെ സൗന്ദര്യവും രാഷ്ട്രീയവും എന്ന വിഷയത്തിൽ സംവാദവും പോസ്റ്റർ പ്രദർശനവും നടന്നു. എഴുത്തുകാരായ ടി.പി. രാജീവൻ, ഒ.പി. സുരേഷ് തുടങ്ങിയവർ പങ്കെടുത്തു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ലിറ്റിൽ മാസികാ സുഹൃത്തുക്കളുടെയും വായനക്കാരുടെയും സൗഹൃദ സംഗമമായിരുന്നു പരിപാടി.

‘ചെറുതിന്റെ സൗന്ദര്യവും രാഷ്ട്രീയവും’ ആവിഷ്കരിക്കുന്ന പോസ്റ്ററുകളുടെ പ്രദർശനവും കൂട്ടായ്മയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്താൻ ആലോചിക്കുന്നു. സഹകരിക്കാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക.

ലിറ്റിൽ മാസിക, ചുങ്കത്തറ പി.ഒ, മലപ്പുറം ജില്ല – 679334.
ഫോൺ: 9946428284, 9995264564




ഫോട്ടോ: അജയ് സാഗ

ചീഫ് എഡിറ്റർ
ബിജു ജോൺ
കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
അബ്ദുള്ളക്കുട്ടി എടവണ്ണ
മാനേജിംഗ് എഡിറ്റർ
ജയപ്രകാശ് നിലമ്പൂർ
എക്സിക്യൂട്ടീവ് എഡിറ്റർ
പി.എം. ജോൺ
പത്രാധിപ സമിതി
സതീഷ് ചളിപ്പാടം
മനോഹർ വർഗീസ്
ചന്ദ്രബാബു തൃക്കലങ്ങോട്
സ്പെഷ്യൽ കറസ്പോണ്ടന്റ്
ഹാരിസ് നെന്മേനി
കവർ ഫോട്ടോ
അജയ് സാഗ
ടൈപ്പ് സെറ്റിംഗ്
ജസീല
ലേഔട്ട്
റസീസ് അഹമ്മദ്
പ്രിന്റിംഗ്
ഇംപീരിയൽ ഓഫ്സെറ്റ് എടവണ്ണ
9895117614

**Copy left**: ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. ആർക്കും രചനകൾ യഥേഷ്ടം ഉപയോഗിക്കാവുന്നതാണ്. കടപ്പാട് സൂചിപ്പിക്കണമെന്ന് മാത്രം.

കവർ സ്റ്റോറി

ലിമാ ന്യൂസ് ഡെസ്ക്



# ഒരു കാൽനട കൊലപാതകത്തിന്റെ കഥ...!



വർക്കല രാധാകൃഷ്ണൻ

**കാൽനടക്കാർ എന്ന 'റോഡിലെ ദളിതരു'ടെ സുരക്ഷയെ സംബന്ധിച്ച ഗൗരവമായ ആലോചനകൾക്ക് കാരണമാവുകയാണ് മുൻ സ്പീക്കർ വർക്കല രാധാകൃഷ്ണന്റെ മരണം.**

മുൻസ്പീക്കറും പാർലമെന്റേറിയനുമായിരുന്ന വർക്കല രാധാകൃഷ്ണന്റെ മരണം, റോഡിലെ കാൽനടക്കാരുടെ സുരക്ഷയെ സംബന്ധിച്ച് ഗൗരവപൂർണ്ണമായ ആലോചനകൾക്ക് കൂടി കാരണമാവുകയാണ്. പ്രഭാതസവാരിക്കിടെ വാഹനം ഇടിച്ച് പരിക്കേറ്റാണ് ഇക്കഴിഞ്ഞ ഏപ്രിൽ 22 ന് അദ്ദേഹം ആശുപത്രിയിലാവുന്നത്. 84 വയസ്സുകാരനെങ്കിലും വലിയ ശാരീരിക പ്രശ്നങ്ങൾ ഒന്നും ഇല്ലാതിരുന്ന അദ്ദേഹം ഈ അപകടത്തോടെ ഉണ്ടായ മറ്റു ശാരീരിക പ്രശ്നങ്ങളും കൂടിയായതോടെ ഒടുവിൽ മരണത്തിന് കീഴ്പ്പെട്ടു. ദിനംപ്രതി നിരത്തുകളിൽ സംഭവിക്കുന്ന കാൽനട കൊലപാതകങ്ങളിൽ ഒന്നുമാത്രമാണിത്.

വർക്കല രാധാകൃഷ്ണൻ നടത്തം ജീവിതശൈലിയാക്കിയയാളാണ്. ഡൽഹിവാസത്തിനിടയിലും നടക്കാനുള്ള അവസരം പാഴാക്കിയിരുന്നില്ല. കാൽനടക്കാരനായതിന്റെ ഫലമാണീ ദുരന്തം. കാൽനടക്കാരും സൈക്കിൾ സവാരിക്കാരും റോഡിലെ അധഃകൃതരാണ്. ഫുട്പാത്ത് എന്ന കാൽനടക്കാരന്റെ അവകാശം നമ്മുടെ റോഡുകളിൽ ഇല്ലാതാവുന്നു. വാഹനവും കാൽനടക്കാരനും വേട്ടക്കാരൻ–ഇര എന്നീ ബന്ധത്തിന്റെ തന്നെ ആവിഷ്ക്കാരമാണ്. ഇന്ന് നിരത്തുകളിൽ വലിയ വാഹനക്കാരൻ ചെറിയ വാഹനക്കാരനേയും ചെറിയ വാഹനക്കാരനും കൂടി ചേർന്ന് കാൽനടക്കാരനേയും ഇരയായി കാണുന്ന വിധത്തിൽ വാഹന ഉപയോഗം ജീവിതശൈലിയായി മാറിയിട്ടുണ്ട്.

## കാൽനടക്കാർ എന്ന വർഗ്ഗം

സ്വന്തമായി വാഹനമില്ലാത്തവർ, വാഹനം ഉപയോഗിക്കാൻ വശമില്ലാത്തവർ, നടത്തത്തോടുള്ള ആഭിമുഖ്യം ഉള്ള നടത്തം ജീവിതശൈലിയാക്കിയവർ, യാത്രക്കല്ലാതെ ആരോഗ്യപരമായ കാരണത്താൽ നടത്തം ഒരു വ്യായാമമായി അനുഷ്ടിക്കുന്നവർ എന്നിങ്ങനെയുള്ളവരാണ് കാൽനടക്കാർ എന്ന റോഡിലെ ദളിതർ.

## പ്രസക്തമാവുന്ന നഗര ഗതാഗതനയം

കാർ ആശ്രിതസമൂഹമായ അമേരിക്കയിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് സെക്രട്ടറി, റയ്ലാഹുഡ് മോട്ടോർവാഹന ഗതാഗതത്തിന് നൽകുന്ന പ്രാധാന്യം തന്നെ സൈക്കിൾ ഗതാഗതത്തിനും കാൽനടയാത്രയ്ക്കും നൽകി നഗരാസൂത്രണം നിർവ്വഹിക്കണമെന്ന് നിർദേശിച്ചിരിക്കുന്നു. ഇതേ കാര്യം തന്നെ ഇന്ത്യാ ഗവൺമെന്റ്, 2006 ൽ പുറത്തിറക്കിയ ദേശീയ നഗര ഗതാഗത നയത്തിലും പറഞ്ഞിട്ടുണ്ട്. നഗരങ്ങളെ ജനസൗഹൃദപരമാക്കുന്നത് കാൽനടക്കാരേയും സൈക്കിൾ യാത്രക്കാരേയും കൂടി ഉൾപ്പെടുത്തി, ഗതാഗത സംവിധാനവും റോഡ് നിർമ്മാണവും ആസൂത്രണം ചെയ്യുമ്പോഴാണ് എന്ന് നഗര ഗതാഗതനയം – 2006 പറയുന്നു. ഭീമമായ തുകയാണ് നഗര വികസനം എന്ന പേരിൽ ഫ്ളൈ ഓവറുകളും മേൽപ്പാലങ്ങളും റോഡുകളും മറ്റും നിർമ്മിക്കാൻ ചിലവിടുന്നത്. ഈ സൗകര്യങ്ങൾക്കിടയിൽ ഞെരിയുന്നത് കുട്ടികളും അംഗവിഹീനരും വൃദ്ധരും മറ്റു സാധാരണക്കാരും അടങ്ങുന്ന വലിയ വിഭാഗം ജനത്തിന്റെ അടിസ്ഥാന ആവശ്യങ്ങളാണ്. രണ്ട് കാല് ഉപയോഗിച്ചും ചിലപ്പോൾ സൈക്കിൾ ഉപയോഗിച്ചും ചലിക്കാനുള്ള മൗലിക അവകാശം വാഹനാഭിമുഖ്യമുള്ള ഗതാഗത നയങ്ങൾ പരിഗണിക്കുന്നില്ല എന്ന് വർദ്ധിച്ചുവരുന്ന കാൽനട യാത്രികരുടെ അപകടനിരക്ക് വ്യക്തമാക്കുന്നു.

## നഗരങ്ങളുടെ വാക്കബിലിറ്റി

ഒരേ സമയം പൊതുവാഹനങ്ങളുടെ ഫലപ്രദമായ ഇടപെടലും നിരത്തുകളിലെ വാക്കബിലിറ്റിയും വർദ്ധിപ്പിക്കാൻ നയങ്ങളിൽ വ്യവസ്ഥയുണ്ടെങ്കിലും എല്ലാം ഏട്ടിലെ പശുക്കൾ മാത്രം. പൊതുവാഹനം കൂടുതൽ ഉപയോഗിക്കുമ്പോൾ നടക്കാനുള്ള അവസരം കൂടും എന്ന് പഠനങ്ങൾ.

വീട്ടിൽ നിന്ന് ബസ് സ്റ്റോപ്പിലേക്ക്, ബസ് സ്റ്റോപ്പിൽ നിന്ന് തൊഴിലിടത്തേക്ക്.. ഇങ്ങനെ നടക്കാനുള്ള അവസരം പൊതുവാഹനം തിരഞ്ഞെടുക്കുമ്പോൾ ലഭിക്കുന്നു. ബസ്സിലോ ട്രെയിനിലോ യാത്ര ചെയ്യുമ്പോൾ ദിവസവും 30 മിനുട്ടിന്റെ ശാരീരിക വ്യായാമം ലഭിക്കുന്നു എന്നാണ് പഠനം. വീടിന്റെ വാതിൽക്കൽ നിന്ന് ഓഫീസിന്റെ വാതിൽക്കലേക്കും തിരിച്ചും സ്വകാര്യവാഹനത്തിൽ നിലംതൊടാതെ സഞ്ചരിക്കുമ്പോഴുണ്ടോ ഈ കാൽനട സവാരി?

റോഡിന്റെ മുഴുവൻ ഭാഗവും സ്വകാര്യവാഹനങ്ങൾ തട്ടിയെടുക്കുമ്പോൾ കാൽനട യാത്രക്കാരന് ഒരു വാക്കബിൾ ഡിസ്റ്റൻസിൽ കാത്തിരിക്കുന്നത് മരണം തന്നെയാവാം.

പ്രഭാതത്തിന്റെ പ്രസരിപ്പ് നുകർന്ന് ഉൻമേഷത്തോടെ നടന്നുനീങ്ങുന്ന, ഒരു നേരമെങ്കിലും നടത്തം നിഷ്കർഷിക്കപ്പെട്ട രോഗികൾ പെരുകുന്ന കാലത്ത് കാൽനടക്കാരനേയും സൈക്കിൾ സവാരിക്കാരനേയും പ്രതി അവകാശ സംരക്ഷണ പ്രവർത്തനങ്ങൾ തന്നെ തുടങ്ങാൻ കാലമായിരിക്കുന്നു.

പ്രഭാഷണം
**ടി.പി. രാജീവൻ**

# ചെറുതിന്റെ സൗന്ദര്യവും രാഷ്ട്രീയവും

**ലിറ്റിൽ മാസിക പതിനെട്ടാം വാർഷികാഘോഷത്തോടനുബന്ധിച്ച് നടന്ന സംവാദത്തിൽ ടി.പി. രാജീവൻ നടത്തിയ പ്രഭാഷണത്തിന്റെ ഒന്നാം ഭാഗം.**



ഫോട്ടോ: അജയ് സാഗം

ധാരാളം കവിതാസമാഹാരങ്ങൾ വന്നുകൊണ്ടിരിക്കുന്നു, അതൊക്കെത്തന്നെയും കവികൾ തന്റെ കാശു കൊടുത്ത് പ്രസിദ്ധീകരിക്കുന്നവയാണ്, കവികൾ തന്നെ കാശു കൊടുത്ത് അതിന്റെ പ്രകാശനം സംഘടിപ്പിക്കുന്നു, കവിയുടെ സുഹൃത്തുക്കൾ തന്നെ അതിൽ പങ്കെടുക്കുന്നു. അതിനിടയ്ക്ക് അതിൽ നിന്ന് വ്യത്യസ്തമായിട്ട് കവിയെ യാതൊരുതരത്തിലും ടാക്സ് ചെയ്യാതെ ഒരു സൗഹൃദത്തിന്റെ പേരിൽ ഇങ്ങനെയൊരു പുസ്തകം, കവിയെ ഒരു കടക്കെണിയിൽ പെടുത്താതെ..., എല്ലാരും കടത്തിൽ അകപ്പെടുന്ന പോലെ തന്നെ കവിയായാലും ഓട്ടോറിക്ഷാ ഡ്രൈവറായാലും ബസ് ഡ്രൈവറായാലും യൂണിവേഴ്സിറ്റി ജീവനക്കാരനായാലും ഡോക്ടറായാലും ഒക്കെ തന്നെ കടക്കെണിയിൽ പെട്ടുകൊണ്ടിരിക്കുകയാണല്ലോ, കവിയെ കൂടുതൽ കടക്കെണിയിൽ പെടുത്താതെ ഇങ്ങനെ ഒരു പുസ്തകം പ്രസിദ്ധീകരിച്ച ലിറ്റിൽ മാസികയുടെ ഭാരവാഹികളോട് അതിന്റെ സംഘാടകരോട് ആദ്യം തന്നെ എന്റെ സന്തോഷം അറിയിക്കുന്നു.

കേരളത്തിൽ ഇന്ന് മുഖസ്തുതികളുടെ കാലമാണ്. ഇഷ്ടമില്ലാത്ത കാര്യങ്ങളൊന്നും ആരും പറയാറില്ല. ആരെ കണ്ടാലും അദ്ദേഹത്തെ സന്തോഷിപ്പിക്കുക എന്നു പറയുന്ന ഒരു കാര്യം. ഏറ്റവും വലുത് കവികൾക്ക് വാക്കാണല്ലോ, ജീവിക്കുന്നത് വാക്കിലാണ്, ആയുധം വാക്കാണ്, അങ്ങനെ എല്ലാം... മത്സ്യം വെള്ളത്തിലെന്നപോലെ കവി ജീവിക്കുന്നത് ഭാഷയിലാണ്.... എന്റെ ചില വിയോജിപ്പുകൾ ഞാൻ പ്രതീഷിന്റെ പുസ്തകത്തെക്കുറിച്ച് പറയുകയാണ്. ഒരു വാക്ക് പ്രയോഗിക്കുമ്പോൾ അതിൽ തെളിച്ചം, ക്ലാരിറ്റി എന്നു പറയുന്നത് വളരെ പ്രധാനമാണ്. വ്യക്തതയെ അങ്ങേയറ്റം ഭയപ്പെടുന്ന ഒരു കാലമാണിത്, കാര്യങ്ങൾ നേരിട്ടു പറയുക എന്നു പറയുന്നത് ഇക്കാലത്ത് ഏറ്റവും അസ്വീകാര്യമാണ്, നിഷേധാത്മകമാണ്, ഒരിക്കലും അതിന് കൈയ്യടി കിട്ടില്ല. എത്രമാത്രം കാര്യങ്ങൾ വളച്ചുപറയുക എന്നതാണ്. പക്ഷെ നമുക്കൊക്കെ അറിയാം സാഹിത്യത്തിൽ ഏത് മഹത്തായ കൃതി എടുത്തു കഴിഞ്ഞാലും അതൊക്കെ തന്നെ വളരെ വ്യക്തമാണ്. എഴുത്തുകാരനറിയാം എന്താണ് പറയേണ്ടതെന്ന്, എന്താണ് അതിലൂടെ വിനിമയം ചെയ്യപ്പെടേണ്ടതെന്ന്. വ്യാഖ്യാനങ്ങളിലൂടെ അർഥം മാറിപ്പോവുകയാണ് ചെയ്യുന്നത്. അങ്ങനെയാണ് എല്ലാ നല്ല കൃതികളൊക്കെ. ആ ഒരു ഭാഷയുടെ തെളിച്ചം, അതിന്റെ വ്യക്തത, ഒരു കുപ്പിച്ചില്ലു മൂർച്ച ഈ കവിതയിൽ കാണുന്നില്ല. വളരെ ചെറിയ ഒരു കുട്ടിയാണ് കവി എന്നു പറയാം. അതുകൊണ്ടാവണം. മറ്റൊന്ന്, ഉപയോഗിക്കുന്ന രൂപങ്ങളെ പറ്റിയുള്ള ഒരു പൂർണബോധമുണ്ടാവണം, കാരണം ഈ സമാഹാരത്തിൽ ഹൈക്കു എന്ന പേരിൽ ഒരു ഭാഗത്ത് ധാരാളം കവിതകൾ കൊടുത്തിട്ടുണ്ട്. അത് കൃത്യമായി ഹൈക്കു എന്നതിന്റെ സാങ്കേതികമായ അർഥത്തിന് ചേർന്നതല്ല. ഹൈക്കു എന്ന കാവ്യരൂപം മൂന്നു വരി മൂന്ന് ഇമേജ്, അത് സുമോ ഗുസ്തി പോലെതന്നെയുള്ള ഒരു കാര്യമാണ്. മൂന്നു ചുവടുകൊണ്ട് ശത്രുവിനെ വീഴ്ത്തുന്നതാണ് സുമോഗുസ്തി എന്ന ജാപ്പനീസ് ആയോധനകല. ഹൈക്കുവും അങ്ങനെതന്നെയാണ്. "ഞാനിവിടെ ഉണ്ടായിരുന്നതിന്-ഒരു വെള്ളച്ചാട്ടം കെട്ടിതൂക്കുന്നു" എന്ന ഹൈക്കു-ഒരു വെള്ളച്ചാട്ടത്തെ കണ്ടപ്പോൾ ഒരു ഹൈക്കു പോയറ്റിന്റെ വരിയാണിത്. എന്തൊരു തെളിച്ചമാണത്. വളരെ പെട്ടെന്ന്, ലൈറ്റുപോയ രാത്രിയിൽ ലൈറ്റു വന്നപോലെ. അതുപോലെയുള്ളൊരു പുതിയ ഉൻമേഷം, പുതിയ ഉണർവ് ഈ മൂന്നു ബിംബങ്ങളിലൂടെ, മൂന്നു വരികളിലൂടെ നമുക്ക് അനുഭവപ്പെടുന്നുണ്ട്. അത്രമാത്രം തെളിച്ചമുള്ള ഒരു കാവ്യരൂപമാണ് ഹൈക്കു എന്നു പറയുന്നത്. എന്റെ വായനയിലും അനുഭവത്തിലും. പക്ഷെ പ്രതീഷിന്റെ കവിതയിലെ ഹൈക്കുവിൽ അത് വളരെ കലങ്ങിപ്പോയി, അങ്ങേയറ്റം കലങ്ങിപ്പോയി. അത് കവിയുടെ കുറ്റമല്ല. നമ്മുടെ ഈ കാലത്തിന്റെ അവ്യക്തത മുഴുവൻ... അതുകൊണ്ടായിരിക്കാം ഏറ്റവും തെളിഞ്ഞു നിൽക്കേണ്ട, വളരെ വ്യക്തമായി നിൽക്കേണ്ട, വെട്ടിയൊതുക്കി നിർത്തിയ പുൽത്തകിടി പോലെ നിൽക്കേണ്ട ഹൈക്കു എന്നു പറഞ്ഞ കാവ്യരൂപം.... ഈ കാലത്തെ യുവകവിയുടെ കൈകളിൽ അത് കലങ്ങിപ്പോകുന്നുവെങ്കിൽ അത് കവിയുടെ കുറ്റമല്ല. കവി ഉപയോഗിക്കുന്ന മാധ്യമത്തിന്റെയുമൊക്കെയായി ബന്ധപ്പെട്ടിട്ടുള്ള ഒരു കുറ്റമാണ്. അതുകൊണ്ടെനിക്ക് പ്രതീഷിന് നല്ല കാവ്യഭാവി ആശംസിക്കുന്നതിനോടൊപ്പം




**ഡൽഹിയിൽനിന്ന് ഇറങ്ങുന്ന 'ദ ലിറ്റിൽ മാഗസിന്' ഞാൻ കണ്ടിടത്തോളം നൂറു പേജിൽ കുറയാതെ ഒരു ലക്കവും ഇറങ്ങിയിട്ടില്ല. എഴുതുന്നതാകട്ടെ, ഇന്ത്യയിലെ മുൻനിര എഴുത്തുകാരും. ചുങ്കത്തറയിൽനിന്നിറങ്ങുന്ന ലിറ്റിൽ മാസികയെ ചേർത്തുവെക്കേണ്ടതും ഇതിനൊപ്പമാണ്.**

തന്നെ ഇത്തരം രൂപപരമായിട്ടുള്ള വ്യക്തതകൾക്കു വേണ്ടിയുള്ള അന്വേഷണം കൂടി കവി നടത്തണം എന്ന ഒരു ജേഷ്ഠൻ എന്ന നിലയിലുള്ള അപേക്ഷ കൂടിയുണ്ട്.

ചെറുതിന്റെ, ചെറു സംരഭങ്ങളെ പറ്റിയുള്ള അല്ലെങ്കിൽ ലിറ്റിൽ ഇനീഷ്യേറ്റിവ്സ് എന്നു പറയുന്ന രീതിയിലുള്ളതിനെ പറ്റി സംസാരിക്കണം എന്നു സംഘാടകർ പറഞ്ഞിട്ടുണ്ട്.

'ലിറ്റിൽ മാസിക' എന്ന പേരിൽ എനിക്കു തോന്നുന്നു ഇന്ത്യയിൽ രണ്ടു മാഗസിനുകളേ ഉള്ളു. ഒന്ന് ലിറ്റിൽ മാസിക എന്ന പേരിൽ ചുങ്കത്തറയിൽ നിന്നിറങ്ങുന്ന ഈ പ്രസിദ്ധീകരണം. മറ്റൊന്ന് ദി ലിറ്റിൽ മാഗസിൻ എന്ന പേരിൽ ഡൽഹിയിൽ നിന്ന് ഒരു മാസിക ഇറങ്ങുന്നുണ്ട്. അതിന്റെ എഡിറ്റർ അമൃത്യസെന്നിന്റെ മകളായിട്ടുള്ള അൻതാര സെന്നാണ്. ആ ലിറ്റിൽ മാഗസിന് ഞാൻ കണ്ടിടത്തോളം നൂറുപേജിൽ കുറഞ്ഞ ഒരു ലക്കം ഇറങ്ങിയിട്ടില്ല. ഈയൊരു വലിപ്പവുമുണ്ട്. പേര് ലിറ്റിൽ മാഗസിൻ എന്നാണ്. അതിൽ എഴുതുന്നത് ഇന്ത്യയിൽ ഏറ്റവും പ്രശസ്തരായ എഴുത്തുകാരാണ്. ലോകത്ത് ഏതു മാസികയിലേക്ക്, സയൻസ് റിന്യൂവറിലയച്ചാലും അല്ലെങ്കിൽ നിയോ ഓഫ് റോമിലയച്ചാലും- പ്രസിദ്ധീകരിക്കപ്പെടുന്ന തരത്തിലുള്ള ഇന്ത്യയിലേയും ലോകത്തിലേയും പ്രധാനപ്പെട്ട എഴുത്തുകാരുടെ രചനകളാണ് അതിലുള്ളത്. മലയാളത്തിൽനിന്ന് അതിൽ ഇടം കിട്ടിയിട്ടുളളത് പലപ്പോഴും സച്ചിദാനന്ദനും, എൻ.എസ്. മാധവനും, മാധവിക്കുട്ടിക്കും മാത്രമാണ്. അവരൊക്കെ വലിയ എഴുത്തുകാരാണ്. തീർച്ചയായും... തമിഴിൽനിന്ന് അതിൽ ഇടം കിട്ടിയിട്ടുള്ളത് സുന്ദർ രാമസ്വാമിക്കും അശോകവിക്രനും സൽമക്കും കനിമൊഴി കരുണാനിധിക്കും.... ഇങ്ങനെ എല്ലാ ഭാഷകളിൽ നിന്നുമുള്ള വലിയ എഴുത്തുകാരെ മാത്രം പങ്കെടുപ്പിച്ചുകൊണ്ട് ദ ലിറ്റിൽ മാഗസിൻ എന്ന ഒരു മാസിക ഡൽഹിയിൽ നിന്ന് ഇറങ്ങുന്നു. ആ മാസികയുടെ തുടക്കം എന്നു പറയുന്നത് അമൃത്യസെന്നിന് നോബൽ സമ്മാനം ലഭിച്ചപ്പോൾ സമ്മാനത്തിന്റെ ഒരു ശതമാനം മകൾക്ക് കൊടുത്തതാണ്. അത വെച്ചാണ് അൻതാര ഈ മാസിക ഇറക്കുന്നത്. പക്ഷെ അതുകൊണ്ടുമാത്രം ഈ മാസിക ഇറക്കാൻ പറ്റില്ല കാരണം ഒരു ലക്കം ഇറക്കണമെങ്കിൽ ലക്ഷങ്ങൾ വേണം. കാരണം അതിന്റെ പേപ്പർ കവറിന്റെ ക്വാളിറ്റി, ഇല്ലസ്ട്രേഷൻ-ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഇല്ലസ്ട്രേറ്റേർസാണ് അതിൽ വരക്കുന്നത്-ഏറ്റവും വലിയ വിവർത്തകർ, ഏറ്റവും വലിയ എഴുത്തുകാർ ഇവരെയൊക്കെ ഉൾപ്പെടുത്തികൊണ്ട് ഇന്ന് ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ഒരു സാഹിത്യ മാസിക -ദ ലിറ്റിൽ മാഗസിൻ എന്നു പറയുന്നത്. നമ്മൾ ചുങ്കത്തറയിൽനിന്നിറങ്ങുന്ന ഈ ലിറ്റിൽ മാഗസിൻ ചേർത്തുവെക്കേണ്ടത് അതുമായിട്ടാണ്.

ഞാൻ സൂചിപ്പിച്ചത് ചെറുത് എന്ന ഈയൊരു വാക്ക്- ടു ബി ലിറ്റിൽ - ചെറുതാവുക എന്നു പറയുന്നത് അങ്ങേയറ്റം തെറ്റായി പ്രയോഗിക്കപ്പെടുകയും തെറ്റായി വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുന്ന ഒരു കാലമാണിത്. അത് മാർക്കറ്റിംഗിനുള്ള വലിയൊരു തന്ത്രമാണ്. ആരോഗ്യരംഗത്ത് നമുക്കറിയാം ആയുർവേദം എന്നു പറയുന്നത് വലിയൊരു ട്രഡീഷനാണ്. ലോകത്ത്, ലോകവ്യാപകമായിട്ടുള്ള അലോപ്പതിയുടെ വ്യാപനം നോക്കുകയാണെങ്കിൽ അതിന്റെ പ്രയോഗം നോക്കുകയാണെങ്കിൽ ആയുർവേദം ഒരു ട്രഡീഷനാണ്. പാരമ്പര്യ ചിത്സയാണെങ്കിലും ഇത് വളരെ ചെറുതാണ്. പക്ഷെ ഈ ഒരു രീതി, ഇത് ചെറുതാണ്, ഇത് സമാന്തരമാണ് എന്നു പറയുന്നത് അതിന്റെ മാർക്കറ്റിംഗിനുള്ള ഒരു രീതിയായി ഇന്ന് മാറിയിട്ടുണ്ട്. ടൂറിസം രംഗത്ത് വരികയാണെങ്കിൽ വൻകിട ഹോട്ടലുകളിൽ നിന്ന് അത് ഹോംസ്റ്റേയുടെ, അല്ലെങ്കിൽ വയനാട്ടിലെ ആദിവാസികളുടെ ഒരു കുടിലിൽ സായിപ്പിനെ താമസിപ്പിക്കുന്ന രീതിയിലേക്ക് മാറുന്നു. ടൂറിസം ഇൻഡസ്ട്രിയിൽ കേരളത്തിന്റെ ചെറുതായ പാരമ്പര്യം ആദിവാസിജീവനം, അവരുടെ ഭക്ഷണം, ഉത്സവങ്ങൾ, സംസ്കാരം, ഭാഷ അല്ലെങ്കിൽ വയനാട്ടിലെ ഏതെങ്കിലും ഒരു ഗ്രാമീണ പ്രകൃതിയുടെ ചെറുതായിരിക്കുന്ന അവസ്ഥ പ്രയോഗിക്കുന്ന രീതി വന്നിരിക്കുന്നു. ഒരിക്കലും വയനാട്ടിലെ ഒരു പ്രകൃതിക്ക് ന്യൂയോർക്കിലെയോ അല്ലെങ്കിൽ ലണ്ടനിലെയോ ഒന്നുമായിട്ട് താരതമ്യം ചെയ്യാനേ പറ്റില്ല, മത്സരിക്കാൻ പറ്റില്ല. ഇങ്ങനെ ചെറുതായിരിക്കുക എന്നുള്ളത് ഏറ്റവും വലിയ ഒരു മാർക്കറ്റിംഗ് ഉപാധിയായി മാറിക്കഴിഞ്ഞിരിക്കുന്നു, എല്ലാ രംഗത്തും. ചെറുതായതുകൊണ്ട് മാത്രം അത് പോസിറ്റീവ് ആണ്, അത് അനുകൂലമാണ്, അത് ജനങ്ങളുടെ പക്ഷത്താണ് എന്ന് പറയാൻ പറ്റാത്ത അത്രമാത്രം കലുഷിതമായിട്ടുണ്ട്. അതിനെക്കൂടി കമ്പോളത്ക്കരിക്കുന്ന, ആളുകളെ ചൂഷണം ചെയ്യാൻ ഉപയോഗിക്കുന്ന ഒരു വലിയ തന്ത്രമായി മാറിയിട്ടുണ്ട്, ചെറുതായിരിക്കുക എന്ന ആശയം.

അതേ സമയം തന്നെ മറ്റൊരു തരത്തിലുള്ള വലിയ ഒരു മാറ്റം ഉണ്ടായിട്ടുണ്ട്. നമുക്കറിയാം ഇന്ത്യൻ ചരിത്രം എടുത്ത് നോക്കുകയാണെങ്കിൽ -സ്വാതന്ത്ര്യം എന്നു പറയുന്നതു തന്നെ ആധുനികതയുടെ ആധുനിക അവബോധത്തിന്റെ ഇംഗ്ലീഷ് വിദ്യാഭ്യാത്തിന്റെ ഫലമാണല്ലോ...-ആദ്യകാലത്തെ ഇന്ത്യയുടെ ഒരു വിന്യാസം നോക്കുകയാണെങ്കിൽ എല്ലാം വലുതായിരുന്നു. ഭക്രാനംകൽ പോലുള്ള വൻകിട അണക്കെട്ടുകൾ, റൂർക്കി, ജാംഷഡ്പൂർ പോലുള്ള ആധുനികതയുടെ രൂപമായിട്ടുള്ള വൻകിട വ്യവസായ നഗരങ്ങൾ, ബോംബെയോ കൽക്കത്തയോ ഡൽഹിയോ ഒക്കെ പോലുള്ള വൻകിട നഗരങ്ങൾ..... ഇതിനോട് കിടപിടിക്കുന്ന വല്ലഭായ് പട്ടേൽ, ജവഹർലാൽ നെഹ്റു എന്നിങ്ങനെ പേരുകളുള്ള.... അത് മറ്റ് ഭക്രാനംകലുകളായി മറ്റ് ജാംഷഡ്പൂറുകളായി ഒരു ഭാഗത്ത്. ഉരുക്കു മനുഷ്യൻ എന്നാണ് പറയുക ഈ പട്ടേലിനെ. പട്ടേൽ ഉരുക്ക് മനുഷ്യനാണെങ്കിൽ ജാംഷഡ്പൂർ ഉരുക്ക് നഗരമാണ്. ഇത് ഒരു ലോക ബോധത്തിന്റേതായിട്ടുള്ള വ്യത്യസ്ത വിചാരങ്ങളാണ്. എഴുത്തിലാണെങ്കിൽ മുൽക്ക് രാജ് ആനന്ദ്.... അത് മറ്റൊരു തരത്തിൽ.... ഞാൻ സൂചിപ്പിക്കുന്ന തെന്താണന്നുവെച്ചാൽ ഇത് ഒരു ലോക വീക്ഷണത്തിന്റെ കാര്യമാണ്, അത് മോഡേണിറ്റിയുടേതായിരുന്നു. അത് വലിയ

---

**ചെറുതായിരിക്കുക എന്നുള്ളത് ഏറ്റവും വലിയ ഒരു മാർക്കറ്റിംഗ് ഉപാധിയായി മാറിക്കഴിഞ്ഞിരിക്കുന്നു, എല്ലാ രംഗത്തും. ചെറുതായതുകൊണ്ട് മാത്രം അത് പോസിറ്റീവ് ആണ്, ജനങ്ങളുടെ പക്ഷത്താണ് എന്ന് പറയാൻ പറ്റാത്ത അത്രമാത്രം കലുഷിതമായിട്ടുണ്ട്.**

**നിങ്ങൾ ജവഹർലാൽ നെഹ്റു എന്നു പറയുന്ന പ്രൈം മിനിസ്റ്ററേയും നമ്മുടെ കർണാടകക്കാരനായിട്ടുള്ള ദേവ ഗൗഡ എന്ന പ്രധാനമന്ത്രിയേയും ഒന്നു താരതമ്യം ചെയ്യുക. ദേവഗൗഡ ചെറുതിന്റെ പ്രധാന മന്ത്രിയായിരുന്നു. അദ്ദേഹത്തിന് ഹിന്ദി നന്നായിട്ട് സംസാരിക്കാനറിയില്ല, ഇംഗ്ലീഷ് അറിയില്ല, വേദിയിലിരിന്ന് ഉറങ്ങും- പലപ്പോഴും ചർച്ചകൾ നടന്നുകൊണ്ടിരിക്കുമ്പോൾ ഇദ്ദേഹം ഇരുന്ന് ഉറങ്ങുന്നുണ്ടാകും.**

വലിയ കോൺക്രീറ്റ് കെട്ടിടങ്ങൾ ഉണ്ടാക്കി കൊണ്ടുപോവുക, അംബര ചുംബികളായിട്ടുള്ള കെട്ടിടങ്ങൾ, വലിയ വിസ്മയമുള്ള അണക്കെട്ടുകൾ... അക്കാലത്തെ കവികളും ഇതിനെപ്പറ്റി പാടിയിട്ടുണ്ട്. ജി ശങ്കരക്കുറുപ്പിന്റെ ഒരു കവിതയുണ്ട് 'ഭക്രാനംഗൽ', ഭക്രാനംഗൽ കണ്ട് വിസ്മയിച്ചുപോയി നമ്മുടെ കേരളീയനായ പാവം കവി. കാരണം, അന്ന് ഈ രീതിയിലുള്ള വലിയ, വൻകിട, ഹ്യൂജ് സ്ട്രെക്ച്ചേഴ്സ് എന്നു പറയുന്ന, എത്ര നില പൊങ്ങുന്നുവോ അത്രമാത്രം അത് മഹത്തരമാണ്, എത്ര ഭാഷ സംസാരിക്കുന്നുവോ അത്രമാത്രം മഹാനാണയാൾ; നമ്മുടെ പഴയ നേതാക്കൻമാർക്കൊക്കെ എത്രയോ ഭാഷ അറിയാം. നരസിംഹ റാവുവിലവസാനിച്ച ഒരു പാരമ്പര്യമാണത്. എത്ര ഭാഷ അറിയുന്നുവോ അത്രമാത്രം മഹാനാണയാൾ എന്നു പറയുന്നത്. ഇത് ഒരു ലോക വീക്ഷണത്തിന്റെ അല്ലെങ്കിൽ ഒരു പ്രത്യേക രീതിയുടെ, എത്ര നില പൊങ്ങുന്നു, എത്ര വരി പാതയാകുന്നു എന്നൊക്കെയുള്ളത് ഒരു ചിന്തയുടെ ഭാഗമാണ്. അതിൽ നിന്ന്... അതിന് പാകമായിട്ടാണ് നമ്മുടെ ഈ മഹാനഗരങ്ങളും മഹാ അണക്കെട്ടുകളും മഹാ കെട്ടിടങ്ങളും അതുപോലെ നമ്മുടെ രാഷ്ട്രീയ നേതാക്കൻമാരും... ഒരിക്കലും അങ്ങടുക്കാൻ പറ്റില്ല. ദൂരെ നിന്നു നോക്കാനെ പറ്റുള്ളൂ. നെഹ്റുവിനെയൊക്കെ കണ്ട് വിസ്മയിച്ചു പോവുക, പട്ടേലിനെ കണ്ട് അദ്ഭുതപ്പെട്ടു പോവുക. ബോംബെ കണ്ട് അദ്ഭുതപ്പെടുക എന്ന രീതിയിലുള്ള..... അത് ഒരു വലുതുകളുടെ ഒന്നായിരുന്നു. മലയാള സാഹിത്യത്തിലാണെങ്കിൽ ആനന്ദിന്റെ നോവലുകൾ.... കൃത്യമായി ആ കാറ്റഗറിയിൽ പെടുത്താം. 'ആൾക്കൂട്ടമെ'ന്നു പറയുന്നത് കൃത്യമായി ഈയൊരു കാറ്റഗറിയിൽ പെടുന്നവയാണ്. നമ്മളതിനെ അങ്ങേയറ്റം ആഘോഷിച്ചു. മലയാളത്തിന്റെ ഏറ്റവും സവിശേഷമായ നോവലാണത് എന്നു പറഞ്ഞ്. തീർച്ചയായും അത് തന്നെയാണ് അതിൽ തർക്കമില്ലാത്ത കാര്യമാണത്. പക്ഷെ ഈയൊരു ചിഹ്നങ്ങൾ, ഈയൊരു രൂപങ്ങൾ,....., അവരുടെ സംസാരം എന്നൊക്കെ പറയുന്നത്, അവരുടെ ആധികാരികത എന്നു പറയുന്നത്, അവരുടെ ഭയം എന്നു പറയുന്നത് കൃത്യമായിട്ടും ആധുനികത നമുക്ക് തന്നിട്ടുള്ള എന്താണ് പുരോഗമനം എന്താണ് വികസനം എന്നതിനെപറ്റി നമുക്കുണ്ടായിട്ടുള്ള ഒരു ധാരണയുടെയും ഒരു രാഷ്ട്രീയ വിന്യാസത്തിന്റെയും സാമൂഹ്യ വിന്യാസത്തിന്റെയും ചരിത്രബോധത്തിന്റേതുമായിട്ടുള്ള പ്രകാശനമായിട്ട് നമ്മളതിനെ കാണണം.

നിങ്ങൾ ജവഹർലാൽ നെഹ്റു എന്നു പറയുന്ന പ്രൈം മിനിസ്റ്ററേയും നമ്മുടെ കർണാടകക്കാരനായിട്ടുള്ള ദേവ ഗൗഡ എന്ന പ്രധാനമന്ത്രിയേയും ഒന്നു താരതമ്യം ചെയ്യുക. ദേവഗൗഡ ചെറുതിന്റെ പ്രധാന മന്ത്രിയായിരുന്നു. അദ്ദേഹത്തിന് ഹിന്ദി നന്നായിട്ട് സംസാരിക്കാനറിയില്ല, ഇംഗ്ലീഷ് അറിയില്ല, വേദിയിലിരിന്ന് ഉറങ്ങും- പലപ്പോഴും ചർച്ചകൾ നടന്നുകൊണ്ടിരിക്കുമ്പോൾ ഇദ്ദേഹം ഇരുന്ന് ഉറങ്ങുന്നുണ്ടാകും. കർണാടകത്തിലെ ഒരു കർഷകനാണദ്ദേഹം. അദ്ദേഹം ഓക്സ്ഫോഡിൽ പഠിച്ചിട്ടില്ല എന്നാണ് എന്റെ ധാരണ. പഠിച്ചിട്ടുണ്ടാവില്ല. ലാസ്കിയുടെ സഹപാഠി ആയിരുന്നില്ല. ഇന്ത്യൻ രാഷ്ട്രീയത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായിട്ടുള്ള, കോൺഗ്രസിനു ശേഷമുണ്ടായിട്ടുള്ള വലിയ മാറ്റം എന്നു പറയുന്നത് ജവഹർലാൽ നെഹ്റുവിൽ നിന്നും പട്ടേലിൽ നിന്നും ദേവഗൗഡയിലേക്കുള്ള മാറ്റമാണ്. അതല്ലെങ്കിൽ ബോംബെയെന്നു പറയുന്ന നഗരത്തിൽ നിന്ന് നമ്മുടെ വില്ലേജുകളിലേക്കുള്ളമാറ്റമാണ്.

നമ്മുടെ വിനോദദിനങ്ങൾ എവിടെ ചെലവഴിക്കണം എന്നുള്ളത് ആദ്യം ബോംബെയിലേക്കു പോകാം കൽക്കത്തയിലേക്ക് പോകാം എന്നത് മാറിയിട്ട് ഇന്ന് ആളുകൾ എങ്ങോട്ടുപോകുന്നു? വയനാട്ടിൽ പോയി കുറച്ച് ദിവസം താമസിക്കാം അല്ലെങ്കിൽ മണ്ണാർക്കാട് പോകാം.... നഗരങ്ങളിൽനിന്ന് വില്ലേജുകളിലേക്ക് എത്തിച്ചേർന്നിരിക്കുന്ന ഒരു മാറ്റം.

ശ്രദ്ധ മാറികൊണ്ടിരിക്കുകയാണ്. ലോകത്തിന്റെ ഫോക്കസ് എന്നു പറയുന്നത് വലുതിൽ നിന്ന്, വൻരൂപങ്ങളിൽ നിന്ന്.. പത്തുനില കെട്ടിടം ഉണ്ടാക്കുന്നതിന് പകരമായിട്ട് ഓടുവെച്ച് കേരളീയ മാതൃകയിൽ അതേ ചെലവിൽ അധികം ആകാശത്തെ ഉമ്മവെക്കാത്ത ഒരുനില കെട്ടിടം നമ്മളുണ്ടാക്കുന്നു. കേരളത്തിലാണെങ്കിലും ലോകത്തിലെവിടെയാണെങ്കിലും തന്നെ ചെറുതിന്റേതായിട്ടുള്ള ഇത്തരത്തിലുള്ള കൊമേഴ്സ്യൽ ഉപയോഗം ഏറ്റവു കൂടുതൽ വന്നിട്ടുള്ളത് ആർക്കിടെക്ചറിലാണ്. നമ്മുടെ വാസ്തു വിദ്യയുടെ ഉപയോഗങ്ങളിലാണ്. കെട്ടിടനിർമാണത്തിലും സംഗീതത്തിലും പെയിന്റിംഗിലുമാണ് ലോകത്തിലെ ഏത് ചിന്താപദ്ധതിയും ആദ്യമായി ആവിഷ്ക്കരിക്കപ്പെടുന്നത്. എത്ര നില എന്നുള്ളതല്ല, അകത്തുള്ള സ്ഥലം നമ്മൾ എത്രമാത്രം ഉപയോഗിക്കുന്നു എന്നുള്ളതാണ്. അതാണ് ചെറുതിന്റെ ഏറ്റവും വലിയ കാര്യം. എം.വി. ദേവന്റെയോ ലാറി ബേക്കറുടേയോ നിർമാണ രീതി എന്നു പറയുന്നത് ആകസ്മികമായി ഉണ്ടായതല്ല. അതൊരു ചിന്താ പദ്ധതിയുടെ, ലോകവീക്ഷണത്തിന്റെ മാറ്റമാണ്. പുറമേക്ക് നോക്കുമ്പോൾ വലിയ എടുപ്പുകളില്ല.നമ്മളെ വിസ്മയിപ്പിക്കുന്ന യാതൊന്നുമില്ല. പക്ഷെ അകത്ത് കയറിക്കഴിഞ്ഞാൽ ഒരു ഭാഗത്ത് പഴയ ഓർമയായിട്ട് നിലവിളക്ക് എന്നു പറയുന്ന രൂപമുണ്ടായിരിക്കാം. അല്ലെങ്കിൽ അതുപോലുള്ള ഏതെങ്കിലും ഒരു പഴയ, കേരളീയമായ പഴയ ഗ്രാമീണ ജീവിതത്തെയോ ഫ്യൂഡൽ ജീവിതത്തെയോ ഓർമിപ്പിക്കുന്ന എന്തെങ്കിലും... ഒരു നടുമുറ്റം എന്നു പറയുന്നത്.അതിനോട് ചേർത്ത് തന്നെ നമ്മൾ വെക്കുന്ന ഏറ്റവും പുതുതായിട്ടുള്ള ഒരു ടെലിവിഷൻ ഉണ്ടാകും. ഒരേ സമയത്ത് പഴമയേയും പുതുമയേയും ഒരുമിപ്പിക്കുക എന്നു പറയുന്ന ഒരു കാര്യം. ഒരേ സമയം തന്നെ ഒരു പഴയ

*ശേഷം പേജ് 13ൽ*



ബദൽ ചിന്ത

അബ്ദുള്ളക്കുട്ടി എടവണ്ണ

# സ്വാസ്ഥ്യ ജീവിതത്തിനായി ഒരു സമ്പദ്‌വ്യവസ്ഥ

## അഥവാ

# കുമരപ്പയിലൂടെ അറിയേണ്ടത്




**വായിക്കാനും ഗവേഷണം നടത്താനുമുള്ള 'ഗാന്ധിയൻ സ്റ്റഡീസ്' എന്നതിലുപരി കുമരപ്പയുടെ ചിന്തകൾ തിരിച്ചറിയേണ്ടതുണ്ട്, അതിന്റെ സമകാലിക പ്രസക്തിയും.**

സ്വതന്ത്ര ഭാരതത്തിന്റെ പ്രഥമ പ്ലാനിംഗ് കമ്മീഷൻ ഉപദേശകസമിതിയോഗം രാഷ്ട്രപതി ഭവന്റെ സൗത്ത് വിംഗിൽ നടക്കുകയാണ്. യോഗത്തിൽ പങ്കെടുക്കുന്നതിനു ഗാന്ധി ശിഷ്യനായ ഡോ: ജെ.സി. കുമരപ്പ റെയിൽവേ സ്റ്റേഷനിൽ നിന്ന് ഒരു കുതിരവണ്ടിയിൽ വരികയാണ്. യോഗത്തിൽ പങ്കെടുക്കാൻ വരുന്ന പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനു വേണ്ടി നിരത്തിലുള്ള കാളവണ്ടികളും കുതിരവണ്ടികളും പോലീസുകാർ തടയുന്നുണ്ടായിരുന്നു. കുമരപ്പ സഞ്ചരിച്ച കുതിരവണ്ടിയും മുന്നിടത്ത് തടയപ്പെട്ടു. കുതിരവണ്ടി തടയപ്പെട്ടതിലുള്ള പ്രതിഷേധം കുമരപ്പ യോഗത്തിൽ ഉന്നയിച്ചു. ഒരു ജനാധിപത്യ രാജ്യത്ത് പ്രധാനമന്ത്രിയും കാളവണ്ടിക്കാരനും തുല്യ അവകാശങ്ങളുള്ള പൗരൻമാരല്ലേ എന്ന് കുമരപ്പ ചോദിച്ചു. പട്ടാളവണ്ടികളടക്കമുള്ള മോട്ടോർ വാഹനങ്ങൾകൊണ്ട് കാളവണ്ടിക്കും കുതിരവണ്ടിക്കും അപകടം പറ്റാതിരിക്കാനാണ് ഇങ്ങനെ ചെയ്തതെന്ന് നെഹ്റു വിശദീകരണം നൽകി. അങ്ങനെയാണെങ്കിൽ അപകടമുണ്ടാക്കുന്ന മോട്ടോർ വാഹനങ്ങളല്ലേ തടയേണ്ടത് എന്ന് കുമരപ്പ ചോദിച്ചു. ആദ്യത്തെ പ്ലാനിംഗ് കമ്മീഷൻ യോഗത്തിൽ ആസൂത്രണം സംബന്ധിച്ച് അടിസ്ഥാന കാഴ്ചപ്പാട് എന്തായിരിക്കണമെന്നതിലേക്ക് വിരൽ ചൂണ്ടുന്നതായിരുന്നു കുമരപ്പയുടെ ചോദ്യം. ഗാന്ധിയൻ തത്വചിന്തയിലൂന്നിയ കുമരപ്പയുടെ വാദഗതികൾക്ക് വില കൽപ്പിക്കുന്നതായിരുന്നില്ല നെഹ്റു തുടങ്ങിവെച്ച വികസന സങ്കൽപം.

സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള കുമരപ്പയുടെ കാഴ്ചപ്പാടുകൾ ലളിതസുന്ദരവും മാനവികവുമായ ജീവിതശൈലിയുടെ സങ്കീർത്തനമാണ്. തികച്ചും പ്രായോഗികമായ മഹത്തരമായൊരു ദർശനം. നാമിന്ന് അഭിമുഖീകരിക്കുന്ന സാമൂഹ്യവും രാഷ്ട്രീയവും പാരിസ്ഥിതികവും ധൈഷണികവുമായ സകലമാന ശൈഥില്യങ്ങളുടേയും പരിഹാരക്രിയ ഇതിലുണ്ട്. പ്രായോഗികവും പ്രസക്തവുമായ സങ്കീർണ്ണതകളില്ലാത്ത ബദൽ ദർശനം.

1945ൽ പ്രസിദ്ധീകരിക്കപ്പെട്ട നിലനിൽപ്പിന്റെ സമ്പദ്‌വ്യവസ്ഥ (Economy of Permanence) യിലൂടെയാണ് കുമരപ്പയുടെ ദർശനം ഗ്രന്ഥരൂപത്തിൽ പുറത്തിറങ്ങുന്നത്. 1993ൽ മറ്റത്തൂർ ജീവരേഖ പ്രവർത്തകർ ഈ പുസ്തകം മലയാളത്തിലെത്തിച്ചു. സി.പി. ഗംഗാധരനായിരുന്നു വിവർത്തകൻ.

സകല ആസൂത്രണപദ്ധതികളും, പരിഷ്ക്കാരങ്ങളും അരങ്ങു തകർത്ത് കടന്നുപോവുകയും സാധാരണക്കാരന്റെ ജീവിതപ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാവുകയും അകവും പുറവും ഒരുപോലെ ചുട്ടുപൊള്ളുന്ന പാരിസ്ഥിതിക ദുരന്തങ്ങൾ സാധാരണമാവുകയും ജീവിതം പൊള്ളയായ കുമിളകൾക്കു മുകളിൽ പടുത്തുയർത്തപ്പെടുകയും ചെയ്യുന്ന ഇക്കാലത്ത് ഈ പുസ്തകം പൊടിതട്ടിയെടുക്കുകയും നമ്മുടെ രാഷ്ട്രീയക്കാരെയും ഉദ്യോഗസ്ഥവൃന്ദത്തെയും ഗവേഷണപഠനങ്ങളിൽ മുഴുകി നടക്കുന്ന ശാസ്ത്ര വിശാരദരെയും തടഞ്ഞുനിർത്തി വായിപ്പിച്ച് പ്രയോഗിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന ഒരു സാഹചര്യമുണ്ടായിവരേണ്ടതുണ്ട് എന്ന് തോന്നിപ്പോകുന്നു. ലളിതമാവേണ്ട ജീവിതം ഇത്രമാത്രം സങ്കീർണ്ണമാക്കുന്നതിനെക്കുറിച്ച് കുമരപ്പ പറയുന്നുണ്ട്. ലളിത ജീവിതമാണ് ഏറ്റവും ഉയർന്നത്. ജീവിതത്തിലെ അതിസുന്ദരമായതിനെല്ലാം കൂടുതൽ നിൽക്കക്കളം കിട്ടുന്നത് ലളിതജീവിതത്തിലാണ്. സങ്കീർണ്ണത വ്യക്തിത്വത്തെ ഹനിക്കുന്നു. നമ്മുടെ ജീവിതഗതി മറ്റുള്ളവർ നിയന്ത്രിക്കുന്നത് സ്വയം നിർണ്ണയശേഷിയില്ലാത്ത അവസ്ഥയിലേക്ക്, ചോദ്യം ചെയ്യാതെ അനുസരിക്കുന്ന മൃഗത്തിന്റെ അവസ്ഥയിലേക്ക് മനുഷ്യനെ മാറ്റുന്നു. ജീവിക്കാൻ വേണ്ടി നമ്മെ പായിപ്പിക്കുന്ന ഈ സങ്കീർണ്ണ ജീവിതത്തെക്കുറിച്ച് ആലോചിച്ചുനോക്കൂ.. ഉപജീവനം(തൊഴിൽ) നമ്മെ ജീവിതത്തിന്റെ ലാളിത്യത്തിൽനിന്നും സൗന്ദര്യത്തിൽ നിന്നും ആട്ടിയോടിക്കുകയല്ലേ ചെയ്യുന്നത്?

ജീവിതം കൂടുതൽ പരിഷ്കൃതവും അദ്ധ്വാനഭാരം കുറഞ്ഞതുമാക്കാൻ നാം വീട്ടിൽ വാങ്ങിക്കൂട്ടുന്ന ആധുനിക ഗൃഹോപകരണങ്ങളെക്കുറിച്ച് ചിന്തിക്കുക. വാഷിംഗ് മെഷീനും ഫ്രിഡ്ജും ഗ്രൈൻഡറും വാക്വം ക്ലീനറും... ഇതെല്ലാമുണ്ടായിട്ടും നമുക്ക് എത്രമാത്രം അദ്ധ്വാനഭാരം കുറഞ്ഞിട്ടുണ്ട്? സമയ ലാഭമുണ്ടായിട്ടുണ്ട്? ഇതിന്റെ എക്കണോമിക്സ് പരിശോധിച്ചുനോക്കൂ... ഇത്രയും ഉപകരണങ്ങളുടെ ആകെ ചിലവ്, ലോണാണെങ്കിൽ പലിശ, വൈദ്യുതിച്ചിലവ്, മെയിന്റനൻസ്.. ഇതെല്ലാം കൂട്ടിയാൽ എത്ര തുക വരും? ഇതിനോട് തട്ടിച്ചു നോക്കിയാൽ, നിങ്ങളുടെ അയൽപക്കത്തുള്ള ഒരു പാവപ്പെട്ട സ്ത്രീയെ വിളിച്ച് വീട്ടുജോലികൾ ചെയ്യിപ്പിച്ചാൽ അവർക്കു കൊടുക്കേണ്ട വേതനം ഇതിന്റെ ചെറിയൊരു ഭാഗമല്ലേ വരൂ.. ഒരു കുടുംബത്തിന് ജീവിതോപാധിയുമാകും. വാക്വം ക്ലീനർ ഉപയോഗിക്കുമ്പോൾ ഒരു കാർപ്പറ്റ് നാം തന്നെ മറിച്ചിടണം. യന്ത്രം ഇതു ചെയ്യില്ല. വേലക്കാരി ഇതെല്ലാം ചെയ്യും. വേലക്കാരിക്ക് നാം അർഹിക്കുന്ന പരിഗണന കൊടുക്കുകയാണെങ്കിൽ നമ്മുടെ കുഞ്ഞിനെ നോക്കാൻ, വീട് നോക്കാൻ നമുക്കൊരു തുണയാകും. യന്ത്രങ്ങൾ ഇതിനൊന്നും പ്രയോജനപ്പെടില്ലല്ലോ..

ഗ്രാമീണ ഉല്പാദന വിതരണ ഉപഭോഗ സമ്പ്രദായങ്ങളെ ശക്തിപ്പെടുത്താതെയുള്ള വികസന സങ്കൽപം പൊള്ളയാണ്. ജനങ്ങളുടെ ഉല്പാദനക്ഷമതയും നേരിട്ടുള്ള ഉപഭോഗവും

*ശേഷം പേജ് 10ൽ*

കവിത

കലാചന്ദ്രൻ


# കുരുവികൾ കടലുകൾ

1

ഏറെയൊന്നും വലുതല്ലാത്തൊരു പക്ഷി
പർവ്വതത്തിന്റെ കൊമ്പിലോ കടലിന്റെയുന്മാദത്തി-
ലോ ആകാശത്തിന്റെ ചിറകിലോ
കൂടൊരുക്കുന്നതിനെ, മുട്ടയിടുന്നതിനെ
അടയിരിക്കുന്നതിനെ
ഒടുക്കമൊറ്റയാവുന്നതിനെ
സ്വപ്നം കാണുന്നുണ്ട്
പിന്നീട്
അതേ പക്ഷിയുടെ
അത്രയേറെ നനുത്ത തൂവലുകളിൽ
കടൽ കൂടൊരുക്കുന്നതും
ആകാശം മുട്ടയിടുന്നതും
പർവ്വതം അടയിരിക്കുന്നതും
കാണും.

2

തിരകളെ മുറിച്ചുകടക്കുന്ന
കപ്പൽ യാത്രക്കാരെ



പെയിന്റിംഗ്: ഭൂപൻ ഖാക്കർ

ഓർമ്മിപ്പിക്കുന്നു
ഓരോ കുരുവിയും.

മഞ്ഞുമലകളിൽനിന്ന്
നീലിച്ച്
ഇറങ്ങി നടക്കുമ്പോൾ
അവന്റെ ചൂട്
എന്നിൽ നിറയുന്നുണ്ടാവും.

ഒരേ
ആകാശം
സ്വപ്നം, ഭ്രാന്ത്,
കനമില്ലാക്കനങ്ങൾ, കഥകൾ.

ഇപ്പോൾ
ചിറകിൽ
ഒരു കൂട്
ഒരു കൂവൽ

3

ഉടൽ എപ്പോഴും
കനത്തെ
കനലിനെ
പേറുന്നുണ്ടുപോലും
അതിൽ
കണ്ണ്, കരൾ, കടൽ ഒക്കെയും
എരിയുന്നുണ്ടുപോലും.

ഒന്നു നനച്ചു നിവർത്തി
തോരാനിടുമ്പോഴേയ്ക്കും
അപ്പുറമിപ്പുറമാകാശം
ഉടലുകൊണ്ട് നിറയും.

4

തുഴനഷ്ടപ്പെട്ടവരുടെ
തോണികൾ
കടലിന്റെ മേൽക്കുപ്പായംപോലെ
ഇരുണ്ട ആകാശത്ത്
ഒഴുകി നടക്കാറുണ്ട്.
ഇലകൾ വറ്റിത്തീർന്ന
മരത്തിന്റെ
കൈവരികളിലിരുന്ന്
ഒരു കുരവി
ഒഴുക്കിനെ കാണുന്നു.
പ്രണയംകൊണ്ട്

പുസ്തകം

**മലയാളപ്പച്ച (സ്മരണകൾ)**
പി. സുരേന്ദ്രൻ



കാറ്റും മഴയും മഞ്ഞും തുമ്പിയും പൂമ്പാറ്റയും തുടങ്ങി ചെറുപഴങ്ങളും ചക്കയും മാങ്ങയും അങ്ങനെ മലയാളപ്പച്ചയുടെ സകലഭാവവും നിറയുന്ന, മധുരമാമ്പഴം പോലെ ആസ്വദിയ്ക്കാവുന്ന ഒരു പുസ്തകം.

**കൈരളി ബുക്സ്, കണ്ണൂർ**
പേജ് 133
വില 70 രൂപ

**വീണ്ടും വധിക്കരുത് (കവിതകൾ)**
നസീമ സലീം

ചില്ലുകണങ്ങൾ പോലെ അടർന്നുവീഴുന്ന വാക്കുകൾക്കുള്ളിൽ അനുഭവങ്ങളുടെ ചൂടാർന്ന പ്രവാഹങ്ങൾതന്നെയാണ് ഇതിലെ കവിതകൾ.

**ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്**
പേജ് 64
വില 60 രൂപ



കവിത

വീരാൻകുട്ടി

# എഴുതൂ....

എഴുതൂ...
മരങ്ങളെ
രക്ഷിക്കേണ്ടതിന്റെ
ആവശ്യകതയെപ്പറ്റി
ഈ കടലാസിൽതന്നെ എഴുതൂ
അറക്കവാൾ വെച്ചു വീഴ്ത്തി
ഇടിച്ചുപരത്തി
മിനുസപ്പെടുത്തിയ
ഇതേ വെള്ളത്താളിൽതന്നെ!


പെയിന്റിംഗ്: യൂനുസ് ചിമാനി

കഥ

സുകേതു

# മരണക്കാഴ്ച

സിനിമേലൊക്കെ കാണുമ്പോലെത്തന്നെ. ചേമ്പിന് തടമെടുത്തുകൊണ്ടിരിക്കുകയായിരുന്നു. കിളയ്ക്കുന്ന ശബ്ദം മൂന്നാല് തവണ കേട്ടിരുന്നു. പിന്നെയെപ്പൊഴോ... കൂന്താലിയുടെ ഒടുവിലത്തെ പൊങ്ങിത്താഴൽ ആലസ്യത്തിലായി. ഒരു വാഴക്കൈ തണ്ടൊടിഞ്ഞു താഴുമ്പോലെ..

അടുക്കളപ്പടിയിൽ നിന്നും കലക്കുവെള്ളം നീട്ടിമറിക്കുമ്പം അമ്മയാ ആദ്യം കണ്ടത്. മുകളിലത്തെ മുറിയിലിരിക്കുന്ന എന്നെ നോക്കി മോനേ.... സന്തോഷേ....ഭേഭേ.... ന്ന് കരൾ പറിഞ്ഞൊരു നിലവിളി. കോണിപ്പടിയുടെ എണ്ണം തെറ്റി എടുപിടീന്ന് ഞാൻ താഴെ!

രണ്ടുകൈയും ആകാശത്തേക്ക് ആളിപ്പടർത്തിക്കൊണ്ട് പറമ്പിലേക്ക് പാഞ്ഞുചെന്ന അമ്മയ്ക്ക്- അതിശയകരവും അതിലേറെ അതിശാന്തവുമായ ഒരു നോട്ടമയച്ച് അച്ഛൻ എന്നെന്നേക്കുമായി കാഴ്ച മതിയാക്കുകയായിരുന്നു. കൂന്താലിപ്പിടിയിലൂടെ ഊർന്ന്...ഊർന്ന്... മുട്ടുകുത്തി കുരിശു വരയ്ക്കുമ്പോലെയോ മുന്നോട്ടാഞ്ഞ് നമസ്ക്കരിക്കുമ്പോലെയോ മണ്ണിന്റെ മാറിൽ മുഖം പൂഴ്ത്തി- ഒരു അമർന്ന മുത്തം കൊടുക്കുകയായിരുന്നു; വിടുവിക്കാനാകാത്ത മുത്തം.

കണ്ടില്ലേ.. ചേമ്പിലയുടെ അർത്ഥം വെച്ച തലയാട്ടം!

ചുവന്ന്
അവനിലേക്കൊഴുകുന്നതിനെ

5
മണ്ണിന്റെ
നീളൻ പരുത്തിപോലെ
കടൽ.

മറവിയിൽ
ഭ്രാന്തിൽ
ചില നേരങ്ങളിൽ.

ആകാശത്തിന്റെ
തണുപ്പറിയാപ്പുതപ്പിനേക്കാളും
ഏറെയേറെ വലുതാവുന്നുണ്ട്
അതിന്റെ
ഞൊറികൾ
അലകൾ
ഉന്മാദ നനവുകൾ.


കവിത

സുനിൽകുമാർ എം.എസ്

# ഒറ്റവര

ഒറ്റവരകൊണ്ട്
രണ്ടു ബിന്ദുക്കളെ
കൂട്ടിച്ചേർക്കുവാൻ
നിനക്കാവുമെങ്കിൽ
അകലങ്ങളിലായി
വീർപ്പുമുട്ടുന്ന
ഞങ്ങളുടെ ഹൃദയങ്ങൾ
തമ്മിൽ -
വരയ്ക്കുക
ഒരൊറ്റവര...

**അരവാതിൽ (ലഘുനോവൽ)**
ടി.പി. വേണുഗോപാലൻ




കേരളീയ സാമൂഹ്യജീവിതത്തിന്റെ ഊതിവീർപ്പിച്ച വികസന സങ്കല്പങ്ങളെ കറുത്ത ഹാസ്യത്തിന്റെ മൂർച്ചയാൽ തൊലിപെളിച്ചു കാണിക്കുന്ന ലഘുനോവൽ. കരുത്തും വ്യക്തിത്വവുമുള്ള പാത്ര ചിത്രീകരണം.

**ഹരിതം ബുക്സ് & നീലാംബരി**
പേജ് 82
വില 55 രൂപ

**മനുവിന്റെ സ്വപ്നങ്ങൾ(ബാലസാഹിത്യം)**
അബ്ദുള്ളക്കുട്ടി എടവണ്ണ

പൊള്ളുന്ന ദുരിതാനുഭവങ്ങൾ ഏറ്റുവാങ്ങുന്ന വ്യഥിത ബാല്യത്തെ ഹൃദയസ്പർശിയായി അവതരിപ്പിക്കുന്ന ബാലസാഹിത്യ നോവൽ. ഹരിതമോഹന സ്വപ്നങ്ങൾ മനസ്സിൽ ബാക്കിവെക്കുന്ന ആഖ്യാനശൈലി.



**സെഡ് ലൈബ്രറി, തിരുവനന്തപുരം**
പേജ് 40
വില 35 രൂപ

# ഡോ: ജെ.സി.കുമരപ്പ



മദിരാശി പൊതുമരാമത്ത് വകുപ്പിൽ ജീവനക്കാരനായിരുന്ന സോളമൻ ദൊരൈസ്വാമി കോർണീലിയാസിന് തഞ്ചാവൂരിൽ ജോലിയായിരുന്ന കാലത്ത് 1892 ജനുവരി 4ന് ജനിച്ച ഏഴാമത്തെ സന്തതിയാണ് ജോസഫ് കോർണീലിയാസ് ചെല്ലദുരൈ. പിന്നീട് കുമരപ്പ എന്ന ഹിന്ദു കുടുംബപ്പേര് കൂട്ടിച്ചേർത്തു ജെ.സി. കുമരപ്പയായി. മദിരാശിയിലെ സ്കൂൾ-കോളേജ് പഠനങ്ങൾക്കുശേഷം ലണ്ടനിലെത്തി പരിശീലനങ്ങൾ പൂർത്തിയാക്കി. അവിടെ അക്കൗണ്ടന്റായി ജോലി നോക്കി. 1919 ൽ നാട്ടിലെത്തി ബോംബെയിൽ ഒരു ബ്രിട്ടീഷ് സ്ഥാപനത്തിലും പിന്നീട് സ്വതന്ത്രമായും ജോലി ചെയ്തു. 1927 ൽ അമേരിക്കയിലെത്തി ബിസിനസ് അഡ്മിനിസ്ട്രേഷനിലും പബ്ലിക് ഫൈനാൻസിലും ബിരുദങ്ങൾ നേടി. ഇക്കാലത്ത് തയ്യാറാക്കിയ പഠനപ്രബന്ധമാണ് പിന്നീട് ഗാന്ധിജിയുടെ ശ്രദ്ധയിൽപെട്ടതും അവരുടെ ആദ്യത്തെ കൂടിക്കാഴ്ചയ്ക്ക് നിമിത്തമായതും. 1929 ൽ 37-ാം വയസ്സിൽ കോട്ടും സ്യൂട്ടും ടൈയും ഹാറ്റുമായി ഗാന്ധിജിയെ കാണാനെത്തിയ കുമരപ്പ അടിമുടി പരിവർത്തനത്തിന് വിധേയനായി ഗാന്ധിജിയുടെ പ്രിയ ശിഷ്യനായി. നാഗരിക സൗഭാഗ്യങ്ങൾ വേണ്ടുവോളം ലഭിക്കാനിടയുള്ള തൊഴിലുകൾ വലിച്ചെറിഞ്ഞ് ഗുജറാത്ത് വിദ്യാപീഠം ഫാക്കൽറ്റിയായി കേവലം 75 രൂപ മാസശമ്പളമുള്ള നിയമനം കുമരപ്പ സ്വീകരിച്ചു. ഗാന്ധിജിയുടെ വ്യക്തിപ്രഭാവം കുമരപ്പയെ മാറ്റിമറിച്ചു. ഗാന്ധി വിഭാവനം ചെയ്ത ശരിയായ സത്യഗ്രഹിയുടെ മാതൃകാജീവിതമായിരുന്നു 1960 ജനുവരി 30 ന് മരിക്കുന്നതു വരെയുള്ള കുമരപ്പയുടെ കാലം.

കുമരപ്പയ്ക്കു ഡോക്ടറേറ്റ് നൽകിയത് ഗാന്ധിജിയാണ്. 1942 ലെ ജയിൽവാസ കാലത്ത് കുമരപ്പ രചിച്ച യേശുവിന്റെ ഉപദേശങ്ങളും പ്രവർത്തന

ങ്ങളും (Practice and Precepts of Jesus), നിലനിൽപ്പിന്റെ സമ്പദ്‌വ്യവസ്ഥ (Economy of Permanence) എന്നീ പുസ്തകങ്ങളുടെ അവതാരികയിലാണ് ഗാന്ധി ആദ്യമായി ഡോക്ടർ കുമരപ്പ എന്ന് വിളിച്ചത്. അതിൽ സംശയം പ്രകടിപ്പിച്ച് ഗാന്ധിജിക്ക് കുമരപ്പ എഴുതിയപ്പോൾ ഗാന്ധിജി വിശദീകരണം നൽകി. Doctor of Divinity, Doctor of Villege Industries എന്നിങ്ങനെ ഇരട്ട ഡോക്ടറേറ്റിന് കുമരപ്പ അർഹനാണെന്നും ഗുജറാത്ത് വിദ്യാപീഠത്തിന്റെ ചാൻസലർ എന്ന നിലയിലാണ് താനിതു നൽകുന്നതെന്നും സമാനമായ സർവ്വകലാശാല ബിരുദങ്ങൾ സമ്പാദിച്ചവരേക്കാൾ കുമരപ്പ അതിന് യോഗ്യനാണെന്നും ഗാന്ധിജി എഴുതി.

യേശുവിന് സെന്റ് പോൾ എന്നപോലെയായിരുന്നു ഗാന്ധിജിക്ക് കുമരപ്പ. ബദൽ തേടിയുള്ള അന്വേഷണങ്ങൾ കുമരപ്പയിലും അദ്ദേഹത്തിൽക്കൂടി ഗാന്ധിജിയിലും കേന്ദ്രീകരിക്കുന്നുണ്ട് ഇന്ന്. വ്യവസ്ഥാപിത ഗാന്ധിമാർഗ്ഗക്കാരല്ലാത്ത ധാരാളം അന്വേഷകർ ഇതുവഴി എത്തിച്ചേരുന്നു.

കൂട്ടുകയും പ്രാദേശികമായ കൊള്ളകൊടുക്കലുകൾ ഉഷാറാവുകയും ചെയ്യുന്നതോടെ ജനങ്ങളുടെ ജീവിതനിലവാരം താനേ ഉയരുമെന്ന് കുമരപ്പ ചൂണ്ടിക്കാണിക്കുന്നു.

വൻകിട വ്യവസായങ്ങൾ അദ്ധ്വാനശേഷി മാത്രം കൈമുതലായുള്ള തൊഴിലാളിയെ തൊഴിലില്ലായ്മയിലേക്കും ദാരിദ്ര്യത്തിലേക്കും തള്ളിവിടുകയേ ഉള്ളൂ. അതുകൊണ്ട് ഗ്രാമവ്യവസായങ്ങളുടെ പുനരുദ്ധാരണം പഴമയിലേക്കുള്ള തിരിച്ചുപോകലല്ല. സ്വന്തം തൊഴിലിൽനിന്നും ആട്ടിയോടിക്കപ്പെട്ട ഇന്ത്യൻ ഗ്രാമീണന്റെ പുരോഗതിയിലേക്കുള്ള ഏക മാർഗ്ഗമാണ്. ആഗോളവൽക്കരണം ചവച്ചുതുപ്പിയ പരമ്പരാഗത വ്യവസായങ്ങളുടെ ശവപ്പറമ്പിൽ നിന്നുകൊണ്ട്, കുമരപ്പയുടെ ദർശനങ്ങളെ പരിഹാസത്തോടെ തള്ളിക്കളഞ്ഞ വിദഗ്ധ ആസൂത്രകരേയും സാമ്പത്തിക ശാസ്ത്രജ്ഞരേയും രാഷ്ട്രീയക്കാരേയും ഈ സന്ദർഭത്തിൽ ഓർത്തുനോക്കുക.

യേശുവിന്റെ ഉപദേശങ്ങളെ വിശകലനം ചെയ്തുകൊണ്ട് കുമരപ്പ ഒരു ചെറിയ പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്(Practice and Precepts of Jesus)

അയൽക്കാരനെ സ്നേഹിക്കേണ്ടത് അവനുല്പാദിപ്പിക്കുന്ന വസ്തുക്കൾ വാങ്ങിക്കൊണ്ടാണ്. മിൽ വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് ദേവാലയത്തിൽ പ്രവേശിക്കുന്നവൻ അയൽക്കാരനോടുള്ള ദൗത്യത്തിൽ പരാജയപ്പെടുന്നു. നിയമത്തിലൂടെയുള്ള ബാഹ്യ നിയന്ത്രണങ്ങൾക്കുപകരം അന്തരാത്മാവ് പകരുന്ന ആത്മനിയന്ത്രണത്തിന് ഊന്നൽ നൽകാനാണ് യേശു ശ്രമിച്ചത്. അങ്ങനെയുള്ള ജീവിതം സ്വാഭാവികമായി നമ്മുടെ ആഗ്രഹങ്ങളുടെ മേൽ പൂർണ്ണനിയന്ത്രണത്തിലേക്ക് നമ്മെ നയിക്കും. അതിനാൽ ആവശ്യങ്ങളുടെ സൃഷ്ടിയിലും പൂരണത്തിലും അധിഷ്ഠിതമായ പാശ്ചാത്യ സാമ്പത്തിക ക്രമം യേശുവിന്റെ പ്രബോധനങ്ങൾക്കെതിരാണ്- കുമരപ്പ ഈ പുസ്തകത്തിലൂടെ പറയുന്നു.

വായിക്കാനും ഗവേഷണം നടത്താനുമുള്ള ഗാന്ധിയൻ സ്റ്റഡീസ് എന്നതിലുപരി കുമരപ്പയുടെ സമ്പദ്‌വ്യവസ്ഥ തിരിച്ചറിയപ്പെടേണ്ടതുണ്ട്. അതിന്റെ സമകാലിക പ്രസക്തിയും.


## നിങ്ങൾക്കും പങ്കാളികളാവാം


അതിസാധാരണവും ചിരപരിചിതവുമായ ജീവിതസന്ദർഭങ്ങളിൽനിന്നാണ് ലിറ്റിൽ മാസിക വിഷയങ്ങളുടെ ഉറവിടം കണ്ടെത്തുന്നത്. ചെറിയ കാര്യങ്ങളിൽനിന്ന് ജീവിതത്തെ സർഗാത്മകമാക്കാൻ പ്രേരിപ്പിക്കുന്ന വലിയ ജീവിതപാഠങ്ങൾ കണ്ടെത്തുന്നു. ലിറ്റിൽ മാസികയുടെ ഈ അന്വേഷണ വഴികളിൽ നിങ്ങൾക്കും പങ്കുചേരാം. ലിറ്റിൽ മാസികയ്ക്ക് അനുയോജ്യമെന്നു നിങ്ങൾക്കു തോന്നുന്ന എത്ര ചെറിയ കാര്യമാണെങ്കിലും എഴുതുക.

വിലാസം:

ലിറ്റിൽ മാസിക, ചുങ്കത്തറ പി.ഒ.

മലപ്പുറം ജില്ല. പിൻ: 679334





മാറ്റൊലി കയ്യെഴുത്ത് മാസികാ പ്രവർത്തകർ ഇം.എ.എസിനോടൊപ്പം



ജീവിതത്തിന്റെ ലളിതപാഠങ്ങൾ

അക്കു

# ഒരു കയ്യെഴുത്ത് മാസികാ കാലത്തിന്റെ ഓർമ്മകൾ

**അച്ചടിമഷി പുരളാത്ത ഒറിജിനൽ എഴുത്തുകൾക്കു വേണ്ടി തീവ്രമായി യത്നിക്കുന്ന മൗലികവാദികളായിരുന്നു അക്കാലങ്ങളിൽ ഞങ്ങൾ...**

കയ്യെഴുത്ത് മാസികകളോട് അടക്കാനാവാത്ത അഭിനിവേശം ഇപ്പോഴും ബാക്കിയുണ്ട്. മടുപ്പ് വരാതെ, ഒരിക്കലും കളിച്ചു തീർക്കാൻ കഴിയാത്ത ബാല്യകാല വിനോദം പോലെ അതിപ്പോഴും മനസിൽ കൊണ്ടുനടക്കുന്നു, കൂടെ പഴയ ശേഖരത്തിലെ പ്രണയലേഖനം പോലെ ഒരു കയ്യെഴുത്തു മാസികയുടെ മുഷിഞ്ഞ കോപ്പിയും!

ബാല്യകാലത്തെ സൗഹൃദകൂട്ടങ്ങളിൽ നിന്ന് എങ്ങനെയോ ഉരുത്തിരിഞ്ഞുവന്ന പ്രവർത്തനമായിരുന്നു കയ്യെഴുത്തു മാസിക. ആദ്യം 'ഗ്രാമോദയം' എന്ന പേരിലും പിന്നീട് 'മാറ്റൊലി' എന്ന പേരിലും 1984 മുതൽ ആറേഴു കൊല്ലം കൂടെ കൊണ്ടു നടന്ന ഗൗരവമാർന്ന ഞങ്ങളുടെ വിനോദം!

'ഗ്രാമോദയ'ത്തിൽ കുട്ടിത്തത്തിന്റേതായ എല്ലാ കൗതുകങ്ങളും ഉണ്ടായിരുന്നെങ്കിൽ 'മാറ്റൊലി'യിലെത്തുമ്പോൾ അതിനു ഗൗരവമാർന്ന മുഖം കൈവന്നിരുന്നു.

അച്ചടി മാസികകൾ ധാരാളമുണ്ടായിരുന്നുവെങ്കിലും കൈയെഴുത്തിന്റെ തനിമയും സൗന്ദര്യവും കാത്തുസൂക്ഷിക്കണമെന്ന പിടിവാശി ഉള്ളിലുണ്ടായിരുന്നതുകൊണ്ട് ഒരിക്കലും ഞങ്ങൾ മാസിക അച്ചടിക്കാൻ കൂട്ടാക്കിയിരുന്നില്ല. പുരുഷോത്തമന്റെ മനോഹരമായ കൈപ്പടയും ശ്രീനിയുടെ വരയും മാസികക്കു മാറ്റു കൂട്ടി.

'മാറ്റൊലി'യുടെ ആദ്യ ലക്കം തിരുവോണനാളിൽ പുറത്തിറക്കാനായി ഞങ്ങൾ ഉറക്കമിളച്ചു പണിയെടുത്തു. എടവണ്ണയിലെ അന്നത്തെ ഏക വായനശാലയിൽ അധികൃതരുടെ സമ്മതത്തോടെ മാസിക വായനക്കാർക്കായി തിരുവോണനാളിൽ തന്നെ എത്തിച്ചു. അന്നു വൈകുന്നേരം വായനക്കാരുടെ പ്രതികരണമന്വേഷിച്ചറിയാൻ വായനശാലയിലെത്തിയ ഞങ്ങൾക്ക് നടുക്കുന്ന അനുഭവമാണ് ഉണ്ടായത്. മാസിക വായനശാലയിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്നു! വായനശാലാ അധികൃതർ കൈമലർത്തി. ഏറെ ക്ലേശമനുഭവിച്ച് ഞങ്ങൾ സാക്ഷാത്ക്കരിച്ച ഒരു സ്വപ്നമാണ് ഒരൊറ്റ ദിവസം കൊണ്ട് തകർന്നിരിക്കുന്നത്! മാസികക്ക് എന്തു സംഭവിച്ചു എന്ന് ആർക്കുമറിയില്ല. രോഷവും നിരാശയും സങ്കടവും എല്ലാം ചേർന്ന് ഞങ്ങളെ തളർത്തി. ഒടുവിൽ അക്ഷരവിരോധികൾക്കെതിരെ പോസ്റ്ററുകൾ പതിച്ച് പ്രതികരിച്ചു. ഞങ്ങൾ വാശിയോടെ, നഷ്ടപ്പെട്ട അതേ ലക്കത്തിലെ മാറ്ററുകൾ വീണ്ടും പകർത്തി, ചിത്രങ്ങൾ വീണ്ടും വരച്ച് അതേ കോപ്പി രണ്ടുദിവസം കൊണ്ട് പുനഃസൃഷ്ടിച്ചു. എഡിറ്റോറിയൽ മാത്രം മാറ്റി. കേവലം ഒരു കയ്യെഴുത്തു മാസികയുടെ ഒന്നാം ലക്കം തന്നെ നിഷ്കാസനം ചെയ്യാൻ ശ്രമിച്ച അക്ഷരവൈരികൾക്കെതിരെയുള്ള ശക്തമായ താക്കീതോടെയുള്ള എഡിറ്റോറിയൽ. ആദ്യവായനശാലയിൽ വീണ്ടും മാസികയിടാൻ ഞങ്ങൾക്ക് താല്പര്യമുണ്ടായിരുന്നില്ല. അതുകൊണ്ട് 12 കിലോമീറ്റർ അകലെയുള്ള മഞ്ചേരി പബ്ലിക് ലൈബ്രറിയിൽ മാസിക എത്തിച്ചു. വായനക്കാരുടെ കത്തുകൾ മാസികയുടെ വിലാസത്തിൽ തപാലിലെത്തി. അപ്പോഴാണ് ഞങ്ങൾക്ക് പുതിയൊരു ആശയം വരുന്നത്. മാസിക രണ്ടാഴ്ചക്കാലം വിവിധ വായനശാലകളിൽ മാറി മാറി വായിക്കാനിടുക. അങ്ങനെ മലപ്പുറം ജില്ലയിലെ മഞ്ചേരി, നിലമ്പൂർ, തൃക്കലങ്ങോട്, അരീക്കോട്, തിരൂർ തുടങ്ങിയ സ്ഥലങ്ങളിലെ ലൈബ്രറികളിലൂടെ മാസിക സഞ്ചരിക്കാൻ തുടങ്ങി. വായനക്കാരുടെ പ്രതികരണങ്ങളും സാംസ്ക്കാരിക രംഗത്തെ പ്രമുഖരുടെ പ്രോത്സാഹനങ്ങളും കിട്ടിത്തുടങ്ങിയതോടെ ഗൗരവമാർന്ന ഒരു മാസികാ പ്രവർത്തനത്തിന്റെ ചിട്ടവട്ടങ്ങളിൽ ഞങ്ങൾ ആസ്വാദ്യതയോടെ ഈ പ്രവർത്തനം കൊണ്ടുനടന്നു.

ഫീച്ചറുകളും അഭിമുഖങ്ങളും യാത്രാക്കുറിപ്പുകളും കാർട്ടൂണുകളും.... വൈവിധ്യമാർന്ന ചേരുവകൾ മാസികയിലുണ്ടായിരുന്നു. അച്ചടിമഷി പുരളാത്ത ഒറിജിനൽ എഴുത്തുകൾക്കു വേണ്ടി തീവ്രമായി യത്നിക്കുന്ന മൗലികവാദി കളായിരുന്നു

വായനാനുഭവം

ശ്രീനി വാസുദേവ്

# സ്നേഹസ്മരണ

## ടി. പത്മനാഭന്റെ  മഖൻസിംഗിന്റെ മരണം എന്ന ചെറുകഥയെ മുൻനിർത്തി ഒരു വായനാനുഭവം

*ചില കുറിപ്പുകൾ വായനക്കാരന്റെ നേർപ്പതിപ്പുകളാവും. വായിക്കപ്പെട്ട ഒരു പുസ്തകം മടക്കിവെച്ച് ഒന്നു നിവർന്നിരിക്കുമ്പോഴാകും, അവ പല വർണ്ണങ്ങളുള്ള ചിത്രങ്ങളായി മുന്നിലെത്തുക. ആഴമേറിയ മുറിവുകളായോ ഒരു സാന്ത്വനത്തിന്റെ കൈസ്പർശമായോ നമ്മിൽ ഈ വായനകൾ അനുഭവപ്പെടും. ജീവിതത്തോളം പച്ചയായ അനുഭവങ്ങൾ വായനയും, വായനക്കാരന് നൽകുന്നുണ്ട്. വായിക്കപ്പെടുക എന്ന അവസ്ഥക്കിടയിലെവിടെയോ ഒരു കഥയെ പൂർണ്ണതയിലെത്തിക്കുന്ന എന്തോ ഒന്ന് വീണു കിടപ്പുണ്ട്. ഒരു ചെറിയ കുറിപ്പ്.*

ജന്മദേശത്തെ ഗോതമ്പ് പാടത്ത് ആ മനുഷ്യൻ നടന്നുപോകുന്നത് കണ്ടവരുണ്ട്. എന്നാൽ ഹൈവേയിൽ തന്റെ ബസ് ഒതുക്കിനിർത്തി ഒരു വശത്തേയ്ക്ക് ചരിഞ്ഞ് മറിഞ്ഞ ആ മനുഷ്യനെ കണ്ടത് ആ ബസിലെ യാത്രക്കാരായിരുന്നു.

തങ്ങളുടെ യാത്ര ആ കൈകളിൽ സുരക്ഷിതമാണെന്ന് അറിയാമായിരുന്ന യാത്രികർ ചരിഞ്ഞ് മറിഞ്ഞ് നിശ്ചലമായ ആ ശരീരം നോക്കി ദുഃഖിതരായി. യാത്ര ലക്ഷ്യം കണ്ടില്ലെങ്കിലും പാതയിലെ അപകടങ്ങൾ അറിയാമായിരുന്ന ആ മനുഷ്യൻ തന്റെ വാഹനം സുരക്ഷിതമായ ഒരു വശത്ത് ഒതുക്കി നിർത്തിയാണ് തന്റേത്, തന്റേത് മാത്രമായ ആ യാത്രയ്ക്ക് ഇറങ്ങിപ്പുറപ്പെട്ടത്.

കാലമെത്ര കടന്നുപോയ്,  വായനക്കാരന്റെ ഓർമ്മ പുസ്തകത്തിൽ  പതിഞ്ഞ പേരുകളിൽ ഒന്നായ്, ആ മനുഷ്യൻ അപ്പോഴും ഗോതമ്പുപാടത്തേയും തന്റെ ദേശത്തേയും സ്വപ്നം കാണുകയായിരുന്നു. അങ്ങനെയുള്ള ആ മനുഷ്യനെ കണ്ടതോ അതേ ബസിലെ ഒരു, ഒരു യാത്രക്കാരൻ മാത്രവും.

---

അക്കാലങ്ങളിൽ ഞങ്ങൾ. പരിഹസിക്കുന്നവരേയും വിമർശകരേയും ഞങ്ങൾ അവഗണിച്ചു. തികഞ്ഞ ഏകാഗ്രതയോടെ നടത്തുന്ന, ആത്മാർത്ഥമായ മാസികാ പ്രവർത്തനത്തിന്റെ പ്രണയകാലമായിരുന്നു ഞങ്ങൾക്കന്ന്. ഞങ്ങൾ സ്വയം പരിചയപ്പെടുത്തിയിരുന്നതെല്ലാം മാസികയുടെ പേരിലായിരുന്നു. ഒരുപാടു സൗഹൃദങ്ങളും അക്കാലത്തുണ്ടായി.

സാഹിത്യകാരൻമാരെയും സാംസ്കാരിക നായകരെയും നേരിൽ കണ്ട് മാസികയുടെ ലക്കങ്ങൾ കാണിച്ചുകൊടുത്ത് അവരുടെ കൈപ്പടയിൽ സന്ദേശം എഴുതിവാങ്ങൽ അക്കാലത്തെ ഞങ്ങളുടെ ഒരു പ്രധാന പരിപാടിയായിരുന്നു. അങ്ങനെയാണ് സി.പി.ഐ (എം) അഖിലേന്ത്യ ജനറൽ സെക്രട്ടറിയായിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാടിനെ കാണാൻ ഞങ്ങൾ ശ്രമിച്ചത്. ഏറെ കാത്തുകെട്ടി നിന്ന് പലരോടും അനുവാദം ചോദിച്ച് കടമ്പകൾ ഏറെ കടന്ന് ഇ.എം.എസിന് മുമ്പിലെത്തിയതും അദ്ദേഹം മാസികയുടെ താളുകൾ കൗതുകത്തോടെ മറിച്ചുനോക്കി സ്വന്തം കൈപ്പടയിൽ സന്ദേശമെഴുതി തന്നതും ഇന്നും ആവേശകരമായ ഓർമ്മയാണ്.

കൈയെഴുത്ത് മാസികാ പ്രണയത്തിന് സ്വാഭാവികമായി തീവ്രത കുറഞ്ഞു. ജീവിതം ഇത്തരം ലാളിത്യങ്ങളിൽനിന്ന് ഞങ്ങളെയെല്ലാം അകറ്റി. കൈയെഴുത്ത് മാസികയുടെ ലക്കങ്ങളെല്ലാം കൈമോശം വന്നു. അക്കാലം ഗൃഹാതുരത്വസ്മരണ മാത്രമായിത്തീർന്നു.

എന്നാൽ നാലഞ്ചു വർഷങ്ങൾക്കു മുമ്പ് പഴയ കൈയെഴുത്ത് മാസികയുമായി ബന്ധപ്പെട്ട രണ്ട് വിചിത്രമായ അനുഭവങ്ങൾ ഉണ്ടായി. അതുകൂടി പറയാതെ കൈയെഴുത്തു മാസികകളെ കുറിച്ചുള്ള ഈ കുറിപ്പ് പൂർണ്ണമാവില്ല.

ഒരു ദിവസം ബാർബർഷോപ്പിൽ മുടി വെട്ടാനായി ഇരുന്നുകൊടുക്കുകയായിരുന്നു ഞാൻ. അപ്പുറത്ത് കണ്ണാടിയിൽ നോക്കി മുടി ചീകിക്കൊണ്ട് ഒരു ചെറുപ്പക്കാരൻ ഒരു കവിത മൂളുന്നു. വരികൾ ശ്രദ്ധിച്ചപ്പോഴാണ്.... ഞങ്ങളുടെ കൈയെഴുത്ത് മാസികയിലെ കാണാതെ പോയ  വിവാദ ലക്കത്തിൽ പ്രസിദ്ധീകരിച്ച ഒരു കവിതയാണത്! അക്ബറലി മമ്പാട് എന്ന കവിയുടെ വരികൾ. ഞാൻ ആകാംക്ഷയോടെ ചോദിച്ചു. ഈ വരികൾ എവിടെ നിന്ന് കിട്ടി? താനൊരു ബേക്കറി ജീവനക്കാരനാണെന്നും ബേക്കറിയുടെ പിറകിൽ കിടന്ന കടലാസ് കൂമ്പാരത്തിനുള്ളിൽ നിന്ന് കൈകൊണ്ട് എഴുതിയുണ്ടാക്കിയ ഒരു പുസ്തകം തനിക്ക് കിട്ടിയെന്നും അതിലുള്ള കവിതയിലെ വരികളാണ് ഇതെന്നും അയാൾ പറഞ്ഞു. ഞാനുടനെ അയാൾക്കൊപ്പം പോയി. വല്ലാത്തൊരു വിസ്മയം പോലെ, ഇരുപത്തിനാലു കൊല്ലം മുമ്പ് ഞങ്ങളുണ്ടാക്കിയ മാറ്റൊലി കൈയെഴുത്ത് മാസികയുടെ ആദ്യലക്കം, അക്ഷരവിരോധികൾ നശിപ്പിച്ചു കളഞ്ഞു എന്നു ഞങ്ങൾ കരുതിയത്, ഭദ്രമായി തിരികെ കിട്ടി!

രണ്ടാമത്തെ അനുഭവം: ചാലിയാർ സംരക്ഷണ സമരവുമായി ബന്ധപ്പെട്ട് കോഴിക്കോട് പ്രസ്സ് ക്ലബ്ബിൽ പത്രസമ്മേളനം നടത്താൻ ചെന്നതായിരുന്നു ഞങ്ങൾ ഒരു സംഘം പരിസ്ഥിതി പ്രവർത്തകർ. പത്രസമ്മേളനം കഴിഞ്ഞ് പിരിയാൻ നേരം ഒരു പത്രപ്രവർത്തകൻ എന്റെ അടുത്തുവന്നു പരിചയപ്പെട്ടു. അയാൾ കുട്ടിക്കാലത്ത് എന്റെ നാട്ടിലെ സ്ക്കൂളിലാണ് പഠിച്ചിരുന്നതെന്നും അക്കാലത്ത് ഹൈസ്ക്കൂളിൽ പഠിച്ചിരുന്ന എന്നെ അറിയാമെന്നും പറഞ്ഞു. കൂടെ ഒരു കാര്യം കൂടി അയാൾ പറഞ്ഞു. അന്ന് നിങ്ങളൊക്കെ പ്രസിദ്ധീകരിച്ചിരുന്ന ഒരു കൈയെഴുത്ത് മാസിക ഉണ്ടായിരുന്നില്ലേ.... അതിന്റെ ഒന്നാം ലക്കം കാണാതെ പോയില്ലേ..? ഞാൻ പോലും ഓർക്കാറില്ലാത്ത ഒരു കാര്യം കൃത്യമായി പറയുന്ന ഒരു പത്രപ്രവർത്തക സുഹൃത്തിനെ കണ്ടുമുട്ടിയ സന്തോഷം ഞാൻ പ്രകടിപ്പിച്ചു. പക്ഷേ.. അയാൾ പറഞ്ഞു.  അന്ന് നിങ്ങൾ ഇറക്കിയ മാസിക കൊണ്ടുപോയത് ഞാനായിരുന്നു! ഞാനും എന്റെ കൂട്ടുകാരനും വായനശാലയിൽ വന്നപ്പോൾ കൗതുകം നിറഞ്ഞ ഒരു മാസിക കണ്ടു. അത് വീട്ടിൽ കൊണ്ടുപോയി വായിച്ച് തിരിച്ചുകൊണ്ടുവരാം എന്നു കരുതി എടുത്തതായിരുന്നു. തിരികെ അതുമായി വന്നപ്പോൾ  അക്ഷരവിരോധികൾ ക്കെതിരെ പോസ്റ്ററുകൾ കണ്ടു. പേടിച്ച ഞങ്ങൾ അത് വീട്ടിലേക്കുതന്നെ കൊണ്ടുപോയി..

ഒന്നുരണ്ടു വർഷം കഴിഞ്ഞ് ഈ സുഹൃത്തിന്റെ അച്ഛൻ സ്ഥലം മാറ്റമായതോടെ അവർ ഞങ്ങളുടെ നാട്ടിൽ നിന്ന് പോയതാണത്രെ!


രണ്ടു സംഭവവും കൂട്ടി വായിച്ചാൽ ചില ആശയക്കുഴപ്പങ്ങൾ ഉണ്ടാകുന്നുണ്ട് എന്നതു സത്യം!

എന്തായാലും പലർക്കുമെന്നപോലെ, ഞങ്ങളുടേയും ജീവിതം കരുപ്പിടിപ്പിച്ചതിൽ ഒരു പങ്ക് ആ കൈയെഴുത്ത് മാസികാ കാലത്തിനുണ്ട്.അതിന്റെയെല്ലാം ഓർമ്മയുടെ ബാക്കിപത്രം പോലെ തിരികെ കിട്ടിയ ആദ്യലക്കം കൈയെഴുത്ത് മാസിക എന്റെ ശേഖരങ്ങളിൽ ഭദ്രമായി നിലകൊള്ളുന്നു.

വ്യക്തി

സുലേഖ എൻ.പി

# കൃഷിക്കും എഴുത്തിനുമിടയിൽ



**കൃഷിയും എഴുത്തും ഒരുപോലെ കൊണ്ടു പോകുന്ന പാക്-അമേരിക്കൻ എഴുത്തുകാരൻ ഡാനിയൽ മൊയുദ്ദീനെക്കുറിച്ച്....**

കൃഷിപ്പണിയും വക്കീൽപ്പണിയും എഴുത്തും ഒരുപോലെ കൊണ്ടുപോവുകയാണ് ദാനിയൽ മൊയുദ്ദീൻ എന്ന പാക് - അമേരിക്കൻ എഴുത്തുകാരൻ.

അതിരാവിലെ എഴുന്നേറ്റ് എഴുത്ത്. പകൽ സമയം കൃഷിപ്പണി, പിന്നീട് രാത്രി വായനയുടെ ലോകം. ഇതാണ് അമേരിക്കയിൽ ജനിച്ച് പാകിസ്ഥാനിൽ ജീവിക്കുന്ന ദാനിയൽ മൊയുദ്ദീനിന്റെ ജീവിതം. പാതി അമേരിക്കൻ എന്നത് വല്ലാത്ത അനുഭവമാണ് എന്ന് സ്വയം കരുതുന്ന ഈ എഴുത്തുകാരൻ കൃഷിയിൽ സജീവമാണ്. ഗോതമ്പ്, ചോളം, മറ്റു ഫലവൃക്ഷങ്ങൾ ഇവയാണ് ദാനിയലിന്റെ കൃഷി. ചിലനേരം കർഷകൻ, ചിലനേരം വക്കീൽ, ചിലപ്പോൾ എഴുത്തുകാരൻ എന്നിങ്ങനെയുള്ള വിശേഷണങ്ങൾ അദ്ദേഹത്തിന് ചാർത്തപ്പെട്ടിട്ടുണ്ട്. വക്കീൽപ്പണി ഇപ്പോൾ പാടെ നിർത്തിയ താൻ, മുഴുവൻ സമയവും കൃഷിയും എഴുത്തുകാരനുമാണ് എന്ന് സ്വയം വിലയിരുത്തുന്നു. കൃഷിയും എഴുത്തും ഒന്നിച്ചു കൊണ്ടുപോകുന്ന നമ്മുടെ സക്കറിയ്യയെയാണ് ദാനിയലുമായി താരതമ്യം ചെയ്യാവുന്നത്. കൃഷിയിടത്തിൽനിന്ന് കിട്ടുന്ന ഊർജ്ജം തന്റെ ജീവിതത്തിനും എഴുത്തിനും വല്ലാത്ത ചൈതന്യം പകരുന്നതായി ദാനിയൽ പറയുന്നു.

*പേജ് 6 തുടർച്ച*

കാലം-നടുമുറ്റവും താമരക്കുളവും പഴയകാലം ഓർമിപ്പിക്കുന്നു.-ആ നടുമുറ്റത്തു നിന്ന് മുഖം തിരിച്ചു നോക്കിയാൽ ടി.വി.യിൽ ഏറ്റവും പുതിയ സീരിയൽ അല്ലെങ്കിൽ എം.ടി.വി കണ്ടിട്ട് ഈ നടുമുറ്റത്തിരിക്കുകയാണ് ചെയ്യണത്. ദേവന്റെയോ ലാറിബേക്കറുടെയോ വീട്ടിൽ പോയിക്കഴിഞ്ഞാൽ നടുമുറ്റവും തുളസിതറയുമൊക്കെ അവിടെയുണ്ട്. നമ്മൾ മുഖം തിരിക്കുമ്പോൾ ഈ ഭാഗത്ത് എം. ടി.വി.യിടേതായിട്ടുള്ള അല്ലെങ്കിൽ ഫാഷൻ ടെലിവിഷന്റേതായിട്ടുള്ള ഷോകൾ നടന്നുകൊണ്ടിരിക്കുന്നുണ്ടാകും.

ഞാൻ സൂചിപ്പിക്കുന്നത് ഇത് ഈ പഴയ രീതിയിലുള്ള വലുതുകൾക്ക് സാധ്യമല്ല. ഇത്തരത്തിലുള്ള ഓർമകൾ, പഴയകാലത്തെ ഓർമകൾ ഉല്പാദിപ്പിക്കാൻ ഒരിക്കലും വലുതിന് പറ്റില്ല. പഴയകാലത്തെ വലുതുകൾക്ക് സാധിക്കുന്നത് ആ വലുത് പ്രതിനിധാനം ചെയ്യുന്ന സാമൂഹ്യ -രാഷ്ട്രീയ സന്ദർഭത്തെ ആ ഇടത്തെ മാത്രം ഓർമിപ്പിക്കുക എന്നതാണ്. എമ്പയർ ബിൽഡിംഗിനോ അല്ലെങ്കിൽ ലോകത്തെ മറ്റേത് വല്യ കെട്ടിടങ്ങൾക്കായാലും പഴയ മാതൃകയിലുള്ള വലിയ കെട്ടിടങ്ങൾക്ക് പലപ്പോഴും നമ്മുടെ ഒരു ഓർമയേ നിലനിർത്താനാവു. കാരണം നമ്മൾ അതിന്റെ കാഴ്ച്ചയിൽ വിസ്മയിച്ചുപോവുന്നുണ്ട്. നമ്മുടെ മുഴുവൻ ഓർമയും അവിടെ നിശ്ചലമാക്കപ്പെടുകയാണ്. പക്ഷേ ചെറുതങ്ങനെയല്ല. ചെറുതിന് പലതിനേയും പല കാലങ്ങളേയും ഓർമകളേയും ഉണ്ടാക്കാൻ പറ്റും. അതുകൊണ്ടാണ് പലപ്പോഴും ചെറുത് എന്നു പറയുന്നത് ഒരു പ്രതിരോധത്തിന്റേതായിട്ടുള്ള ഒരു മാധ്യമമായി പലപ്പോഴും മാറുന്നത്. കാരണം ഓർമകൾ... ഓർമകളാണല്ലോ എല്ലാത്തിന്റെയും അടിസ്ഥാനം. എഴുത്തായാലും രാഷ്ട്രീയമായാലും എന്തായാലും ഓർമയിലാണതിന്റെ.... ഓർമ ഒരു വലിയൊരു പോളിറ്റിക്കൽ കാറ്റഗറിയാണ്. രാഷ്ട്രീയമായൊരു കണ്ടന്റ് ഉണ്ടാക്കുന്നതാണ് ഓർമ. ആ ഓർമ എത്രമാത്രം ചെറുതാക്കാം. എത്രമാത്രം ഓർമ ഇറേസ് ചെയ്യാം നമ്മുടെ മനസ്സിൽ നിന്ന്. മായ്ച്ചുകളയാം. എന്നുള്ളതാണ്... ഈ കാലത്തെ ഒരു പ്രധാനപ്പെട്ട രാഷ്ട്രീയ മാർഗം ഓർമ ഇല്ലാതാക്കിക്കളയുക എന്നുള്ളതാണ്.

*(ബാക്കി അടുത്ത ലക്കത്തിൽ)*

**ലിറ്റിൽ മാസിക തപാലിൽ കിട്ടാൻ**

**16 ലക്കങ്ങൾക്ക് 100 രൂപ വരിസംഖ്യ അയയ്ക്കുക**

**വരിസംഖ്യ M.O അയക്കുന്നവർ ദയവായി ശ്രദ്ധിക്കുക. M.O ഫോറത്തിന്റെ സന്ദേശം എഴുതുന്നിടത്ത് മലയാളത്തിൽ പൂർണ്ണമായ വിലാസം എഴുതുക.**

സിനിമ

ലിമാ ഫീച്ചേഴ്സ്

# ഉറുമ്പ് നായകനായൊരു അനിമേഷൻ സിനിമ



**കണ്ടു ചിരിക്കാനല്ല, ആസ്വദിക്കാനും ചിന്തിക്കാനും ഒരു അനിമേഷൻ ചിത്രം. കീടനാശിനികൾക്കെതിരെ സന്ദേശവുമായി 'പച്ചിലക്കൂട്'**

കുട്ടികൾക്കായി, കുട്ടികളെ, പ്രകൃതിയെ, സഹജീവികളെ സ്നേഹിക്കുന്നവർക്കായി ഒരു അനിമേഷൻ ചിത്രം - പച്ചിലക്കൂട്.

അനിമേഷനെന്നാൽ എലിയും പൂച്ചയും കടിപിടി കൂടുന്നതു കണ്ടു ചിരിക്കാൻ മാത്രമുള്ളതല്ലെന്നും ഗൗരവമേറിയ പല സന്ദേശങ്ങളും അതിലൂടെ കുഞ്ഞുങ്ങൾക്കും മുതിർന്നവർക്കും കൈമാറാനാകുമെന്നും തികച്ചും ബോധ്യപ്പെടുത്തുന്ന ഒരു ചിത്രമാണ് 'പച്ചിലക്കൂട്'. 45 മിനുട്ടാണ് ചിത്രത്തിന്റെ ദൈർഘ്യം. 'മൈ ഹോം ഇസ് ഗ്രീൻ' എന്നാണ് ഇംഗ്ലീഷിൽ ഈ ചിത്രത്തിന് പേരിട്ടിരിക്കുന്നത്. അതിന്റെ മലയാള രൂപാന്തരമാണ് 'പച്ചിലക്കൂട്'

കാസർക്കോട്ടെ എന്റോസൾഫാൻ ദുരന്തത്തിൽ മരിച്ച പിഞ്ചുകുഞ്ഞുങ്ങൾക്കാണ് ഈ ചിത്രം സമർപ്പണം ചെയ്തിരിക്കുന്നത്.

ഒരു കീടനാശിനി ദുരന്തത്തിന്റെ ഓർമ്മകളും പേറി ഒറ്റക്കു ജീവിക്കുന്ന ഒരു ഉറുമ്പാണ് ഇതിലെ കഥാനായകൻ - ഒരു ദിവസം അവനൊരു കുഞ്ഞുപുഴുവിനെ കണ്ടെത്തുന്നു. തുടർന്ന് പുഴുവിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിലൂടെയും ഉറുമ്പിന്റെ ഓർമ്മകളുടെ ഫ്ളാഷ്ബാക്കുകളിലൂടെയും കഥ വികസിക്കുന്നു. ഒരു നിർണ്ണായക നിമിഷത്തിൽ തന്റെ വർഗ്ഗത്തെ മുഴുവൻ കൊന്നൊടുക്കിയ കീടനാശിനി യന്ത്രത്തിന്റെ ശബ്ദം വീണ്ടും ഉറുമ്പിന്റെ കാതിൽ മുഴങ്ങുന്നു. പ്രകൃതിയോടും പരിസ്ഥിതിയോടും അല്പമെങ്കിലും ആഭിമുഖ്യമുള്ള ആർക്കും തീർച്ചയായും ഈ ചിത്രം ഇഷ്ടപ്പെടുകതന്നെ ചെയ്യും.

ഭാഷ ഉപയോഗിച്ചിട്ടില്ല എന്നതാണ് ഈ ചിത്രത്തിന്റെ മറ്റൊരു പ്രത്യേകത. ലോകത്തെവിടെയുമുള്ള കാഴ്ചക്കാർക്ക് മനസ്സിലാക്കാനും ആസ്വദിക്കാനും കഴിയുന്നവിധത്തിലാണ് ഇതിന്റെ നിർമ്മിതി.

മൊണ്ടാനയിൽ നടക്കുന്ന 33-ാമത് അന്താരാഷ്ട്ര വന്യജീവി ചലച്ചിത്രോത്സവത്തിലേക്ക് ഈ ചിത്രത്തിന് പ്രാഥമിക ക്ഷണം ലഭിച്ചുകഴിഞ്ഞത് ഒരു നല്ല തുടക്കമായി ഇതിന്റെ ശില്പികൾ വിലയിരുത്തുന്നു.

കോഴിക്കോട് എല്ലോറ മൾട്ടിമീഡിയയുടെ കീഴിലുള്ള ആനിമേഷൻ വിഭാഗമാണ് ചിത്രം ഒരുക്കിയിരിക്കുന്നത്. സാജൻ സിന്ധുവാണ് ചിത്രത്തിന്റെ കഥയും സംവിധാനവും നിർവ്വഹിച്ചത്. അസോസിയേറ്റ് ഡയറക്ടറായ ജിബിൻ അബ്രഹാമാണ് തിരക്കഥയും എഡിറ്റിംഗും. ആകേഷ് നടരാജൻ സഹസംവിധാനം നിർവ്വഹിച്ചിരിക്കുന്നു. ജയ്സൺ ജോസഫ്, ആൽബിൻ രാജ്, ഷബീബ്, അനീഷ്, റഹീഷ്, ജസീർ തുടങ്ങിയവരാണ് മുഖ്യ അണിയറ ശില്പികൾ. തിരുവനന്തപുരത്തെ ചലച്ചിത്ര സംഗീത സംവിധയകനായ ഷാനും കോഴിക്കോട്ടെ മിഥുനും ചേർന്ന് സംഗീതവും ശബ്ദങ്ങളും സംവിധാനം ചെയ്തിരിക്കുന്നു. ഗോപിനാഥ് എല്ലോറയും ശ്രീരാജ് എല്ലോറയുമാണ് ചിത്രത്തിന്റെ നിർമ്മാതാക്കൾ.

സി.ഡി ലഭിക്കാനും ബന്ധങ്ങൾക്കും: സാജൻ സിന്ധു: 9446279596, sajansindhu@hotmail.com

# പോക്കിരിരാജക്കും പ്രമാണിക്കുമിടയിൽ പാവം ടി.ഡി ദാസൻ




**മാർക്കറ്റിംഗിന്റെ കുറവുകൊണ്ട് നല്ല സിനിമകൾ പലപ്പോഴും പ്രേക്ഷകരിലേക്ക് എത്താതെ പോകുന്നു.**

പോക്കിരിരാജയും പ്രമാണിയും അപ്പുറമിപ്പുറവും അരങ്ങു തകർക്കുമ്പോൾ, അധികമാരുമറിയാതെ, ബഹളങ്ങളിൽനിന്നെല്ലാം ഒഴിഞ്ഞുമാറി ടി.ഡി. ദാസനുമുണ്ടായിരുന്നു. STD VI Bയിലെ ദാസൻ.

'T.D. ദാസൻ, STD. VIB' എന്ന ചലച്ചിത്രം കണ്ട ചില സുഹൃത്തുക്കളുടെ അഭിപ്രായം കേട്ടപ്പോൾ കാണണമെന്നു കരുതിയതാണ്. പിന്നെയാണ് അജയ്കുമാർ എന്ന സുഹൃത്തിന്റെ SMS വരുന്നത്. 'ഇത്തരം സിനിമാ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക' എന്ന സന്ദേശം! കാണാൻ തീർച്ചപ്പെടുത്തുന്നത് അങ്ങനെയാണ്.

മോഹൻ രാഘവൻ എന്ന പുതുമുഖ സംവിധായകന്റെ ആദ്യ ചിത്രം. പുതുമയും മികവാർന്നതുമായ പ്രമേയം കാലത്തോട് സത്യസന്ധത കാണിക്കുന്ന അവതരണ രീതി.

ബാംഗ്ലൂരിലെ പരസ്യ നിർമ്മാതാവായ നന്ദന്റെ വീട്ടിലെ കത്തുപെട്ടിയിൽ വന്നെത്തുന്ന ഒരു കത്തിലൂടെ അനാവരണം ചെയ്യപ്പെടുന്ന ജീവിതചിത്രങ്ങളാണിത്. പാലക്കാടൻ കുഗ്രാമത്തിന്റെ നിഷ്ക്കളങ്കതയുമായി, കാണാതായ ദിവാകരൻ എന്ന അച്ഛനെ തേടിവരുന്ന ദാസൻ എന്ന ആറാംക്ലാസ്സുകാരന്റെ കത്ത്. സിനിമാ നിർമ്മാണത്തിന്റെ തിരക്കുകളുമായി കഴിയുന്ന അച്ഛന്റെയും വിദേശത്ത് കഴിയുന്ന അമ്മയുടെയും സാമീപ്യങ്ങൾ കിട്ടാതെ വളരുന്ന ഹരിയുടെ മകൾ അമ്മു, ദാസന്റെ ആ കത്ത് വായിക്കുന്നു. കഥയെഴുത്തിൽ സമ്മാനങ്ങൾ നേടിയിട്ടുള്ള അവൾ ദിവാകരൻ എന്ന അച്ഛനായി, ദാസന് കത്തുകൾ എഴുതിത്തുടങ്ങുന്നു. അച്ഛന്റെ സ്വപ്നങ്ങളുമായി കഴിയുന്ന ദാസന്റെ ജീവിതത്തെയാകെ ആ കത്തുകൾ മാറ്റിമറിക്കുന്നു. ജീവിതം വഴിമുട്ടാതിരിക്കാൻ പ്രയാസപ്പെടുന്ന ദാസന്റെയും അമ്മയുടെയും അടക്കമുള്ള ഗ്രാമീണ ജീവിതത്തെ ദുരിതത്തിലാഴ്ത്തുന്ന കോളക്കമ്പനിയുടെ പ്രവർത്തനങ്ങളും അതിനെതിരെയുള്ള ചെറുത്തുനില്പു

വാർത്താ വിശേഷം

# ഗ്രീൻ ടോയ്‌ലറ്റ് റയിൽവേ യാഥാർത്ഥ്യമാക്കുമോ?

ഗാന്ധിജി ഹിന്ദുസ്വരാജിൽ ഒരു ഭാഗം മുഴുവൻ റയിൽവേ ഉണ്ടാക്കുന്ന മാലിന്യപ്രശ്നങ്ങളെക്കുറിച്ചാണ് വിമർശനാത്മകമായി പറയുന്നത്. ശൂന്യാകാശത്തേക്ക് സാറ്റലൈറ്റ് വിക്ഷേപിക്കാൻ നമുക്ക് കഴിഞ്ഞു. എന്നാൽ റയിൽവേ കമ്പാർട്ടുമെന്റിലെ ടോയ്‌ലറ്റിലെ മാലിന്യം കൈകാര്യം ചെയ്യുന്നതിന് മാത്രം ഇതുവരെ കഴിഞ്ഞിട്ടില്ല. ഇതാ ചില കണക്കുകൾ: 40,000 ട്രെയിൻ കോച്ചുകൾ നിത്യേന ഓടുന്നു. ഉദ്ദേശം 400 ടൺ വരുന്ന മനുഷ്യമാലിന്യം നിത്യവും റയിൽവേ ട്രാക്കിലേക്ക് തള്ളുന്നു! ഒരു കിലോ മനുഷ്യ മാലിന്യത്തിൽ 6 ബില്യൻ വൈറസും ബാക്ടീരിയയും ഉണ്ടാവും. ട്രാക്കിന് 15 കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്ന 200 ഓളം മില്യൻ ജനങ്ങളുടെ ആരോഗ്യത്തെ ഇത് ബാധിക്കും. മഴ, കാറ്റ് ഇവ മൂലം രോഗങ്ങൾ പരത്തി പെരുകും.

വിദേശങ്ങളിലേത് പോലെ രാസവസ്തുക്കൾ കൊണ്ട് നിർവ്വീര്യമാക്കുന്നതോ, സ്റ്റേഷനിൽ വെച്ച് മാലിന്യം നീക്കി സംസ്ക്കരിക്കുന്നതോ ആയ ഗ്രീൻ ടോയ്‌ലറ്റുകളെ കുറിച്ച് റയിൽവേ ആലോചിക്കുന്നു. 2010-2011 ആവുമ്പോഴേക്കും ഗ്രീൻടോയ്‌ലറ്റുകൾ റയിൽവേ നടപ്പാക്കുമെന്നാണ് തീരുമാനം.

## ടി.ഡി. ദാസൻ... *(പേജ് 14 തുടർച്ച)*

കളും ദാസന്റെ ധർമ്മസങ്കടങ്ങളും എല്ലാം കത്തിലൂടെ ബാംഗ്ലൂർ നഗരത്തിലെ പരിഷ്ക്കാരി പെൺകുട്ടി തിരിച്ചറിയുന്നു. അവളുടെ അച്ഛനാകട്ടെ, ദാസന്റെ കഥ, ഒരു സിനിമയാക്കാനുള്ള സ്ക്രിപ്റ്റ് ചർച്ചാവിഷയം മാത്രമാണ്. പക്ഷേ, ദാസൻ അച്ഛനെയൊന്ന് കാണാൻ കാശ്കുടുക്ക പൊട്ടിച്ച്, സ്വരുക്കൂട്ടിയ കാശുമായി ബാംഗ്ലൂരിലേക്കു വരുമെന്ന് പറയുന്നതോടെ നന്ദനും മകളും കുഴങ്ങുന്നു. ഇല്ലാത്ത അച്ഛനെ സ്വപ്നങ്ങളിൽ കൊണ്ടുനടക്കുന്ന ദാസനെ നേരിൽകണ്ട് അവന്റെയച്ഛൻ മരിച്ചുപോയെന്ന വിവരവും കത്തുകളുടെ സത്യാവസ്ഥയും തുറന്നുപറയാനായി നന്ദൻ മകളെയുംകൊണ്ട് ചിറ്റൂരിൽ എത്തുന്നു. പക്ഷേ, ദുരൂഹമായി അമ്മ മരണപ്പെട്ട് തീർത്തും അനാഥനായി മാറിയ ദാസൻ, അച്ഛൻ ജീവിച്ചിരിപ്പില്ലെന്നു വിശ്വസിക്കുന്നില്ല. സ്വപ്നത്തിൽ കണ്ട അച്ഛൻ നന്ദനാണെന്ന് അവൻ ഉറച്ചുവിശ്വസിക്കുന്നു.

കോള സമരത്തിന്റെ പശ്ചാത്തലത്തിൽ സത്യസന്ധതയും ലാളിത്യവും കലാമൂല്യവും ഒത്തുചേർന്ന ഭാവസുന്ദരമായ ഈ ചലച്ചിത്രം, സുഹൃത്ത് SMS അയച്ചതു പോലെ പിന്തുണ നൽകി വിജയിപ്പിക്കേണ്ട സിനിമാ സംരംഭം തന്നെയാണ്.



നിശ്ശബ്ദതയ്ക്കും
മൗനത്തിനും
ധ്യാനത്തിനും
കുറച്ചു സമയം,


**ബുദ്ധപൂർണ്ണിമ**
**സയലൻസ് ഡേ**
ആയി ആചരിക്കുന്നു.

2010 - മെയ് - 26 ന് ബുധൻ
സന്ധ്യയ്ക്ക്
ഗ്രീൻ ഹൗസിൽ വെച്ച്

**സൽസംഗം**

വെളിച്ചത്തിലേയ്ക്ക്
ബുദ്ധകഥകൾ
കോസാമ്പി യാത്രാനുഭവം
മൂൺ മെഡിറ്റേഷൻ
നിലാവിൽ ഒരു രാത്രി
സൽസംഗത്തിൽ
പങ്കെടുക്കാൻ
താൽപര്യമുള്ളവർ
നേരത്തേ അറിയിക്കുക.
പരമാവധി 25 പേർക്കാണ്
അവസരം.
ആദ്യമായി വരുന്നവർക്ക്
മുൻഗണന.
കൂടുതലറിയാൻ:
മുംതാസ്: 98 95 14 89 98
ഡേവിസ് വളർക്കാവ്, ഗ്രീൻ ഹൗസ്,
പൊന്നൂക്കര

# യാത്രക്കാരുടെ ശ്രദ്ധയ്ക്ക്!



"നിങ്ങൾ കോഴിക്കോട്ടുനിന്ന് ചെന്നൈയിലേക്ക് വിമാനത്തിൽ പറക്കുമ്പോൾ 103 KG കാർബൺഡയോക്സൈഡാണ് അന്തരീക്ഷത്തിലേക്ക് ചേർക്കുന്നത്. ഈ കാർബൺ ആഘാതം കുറയ്ക്കാൻ നിങ്ങൾക്കും ഉത്തരവാദിത്തമുണ്ട്. അതിനായി നിർബന്ധമായും താങ്കൾ സംഭാവന ചെയ്യുക. താങ്കളുടെ സംഭാവനകൾ മരങ്ങൾ വെച്ചുപിടിപ്പിച്ച് ഭൂഗോളത്തെ പച്ചപിടിപ്പിക്കാനും ശുദ്ധീകരിക്കാനും ശ്രമിക്കുന്ന സന്നദ്ധ സംഘടനകൾക്ക് നൽകുന്നതാണ്. ഒരു വൃക്ഷത്തിന് ഒരു വർഷത്തിൽ 20.3 KG കാർബൺഡയോക്സൈഡ് വലിച്ചെടുക്കാൻ കഴിയും!"

വിമാന സർവ്വീസ് നടത്തുന്ന ഒരു സ്വകാര്യ കമ്പനിയാണ് ഈ വിധം യാത്രക്കാരോട് ടിക്കറ്റെടുക്കുന്ന സന്ദർഭത്തിൽ സംഭാവനകൾ ചോദിച്ചുവാങ്ങുന്നത്. ഇന്ത്യയിലെ പൊതുമേഖലാ വിമാന സർവ്വീസുകൾ ഒഴികെ മറ്റെല്ലാ കമ്പനികളും കാർബൺ കുറക്കാനായി ഇത്തരം ചുവടുകൾ മുന്നോട്ടു വെച്ചുകഴിഞ്ഞു. സർക്കാർ ചിന്തകൾക്ക് എപ്പോഴും കാലവിളംബമുണ്ടാകുമല്ലോ.

ഇന്ത്യൻ യാത്രക്കാരോട് കാർബൺ കുറക്കാനുള്ള പരിശ്രമങ്ങളെ സഹായിക്കാൻ വിമാന കമ്പനികൾ സംഭാവന ചോദിക്കുന്നത് ഒരു മരത്തിന് 13 രൂപ വെച്ചാണ്.

കോഴിക്കോടുനിന്ന് ചെന്നൈയിലേക്കുള്ള ടിക്കറ്റ് ചാർജ്ജിനൊപ്പം മിനിമം 58 രൂപയാണ് 'കാർബൺ ടാക്സായി' കണക്കാക്കിയിരിക്കുന്നത്.

*(വിവരങ്ങൾക്ക് കടപ്പാട്: ഗിരീഷ് ഡി)*

May 2010 Postal Reg.No. KL/MJI/82/2010-2012.
RN 67322 / 94 registered with the Registrar of
News Papers for India New Delhi Rs. 6.50

# ആവിയന്ത്രം പുറത്തിറങ്ങി





വ്യവസ്ഥാപിത പുസ്തക പ്രസാധന രീതികളിൽനിന്നുള്ള മാറിനടപ്പാണ് ലിറ്റിൽ മാസികക്ക് 'ലിറ്റിൽ പ്രിന്റ്' പുസ്തക പ്രസാധന സംരംഭം. ആദ്യപുസ്തകം പ്രതീഷ് എം.പിയുടെ 'ആവിയന്ത്രം' പുറത്തിറങ്ങി.

വിതരണത്തിലും വിപണനത്തിലും പ്രത്യേക സംവിധാനങ്ങൾ ഒന്നുമില്ലാത്തതിനാൽ ലിറ്റിൽ മാസികയുടെ വായനക്കാരെയും സുഹൃത്തുക്കളെയും നേരിട്ട് ആശ്രയിക്കുകയല്ലാതെ തരമില്ല. അതിനാൽ, ദയവായി 35 രൂപ മണിയോർഡർ അയച്ചുതന്ന് ഈ സംരംഭത്തെ സഹായിക്കണമെന്ന് അപേക്ഷിക്കുന്നു.

ലിറ്റിൽ മാസിക, ചുങ്കത്തറ പി.ഒ, മലപ്പുറം ജില്ല - 679334
ഫോൺ: 9946428284, 9995264564







ഫോട്ടോ: അജയ് സാഗ

**ലിറ്റിൽ മാസിക 18-ാം വാർഷിക പരിപാടികളിൽനിന്ന്....**

Edited, Printed, Published and owned by Biju John published at Chungathara
printed at Imperial Edv. for Co-op Press, Chungathara